കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെള്ളനാട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/2157/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി :05.02.2020

Phone No : 0471-2331231

Email : lfadtvm@yahoo.in


**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന ),**

**വെള്ളനാട് ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : വെള്ളനാട് ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ്:**

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്, 4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.5/2157/2019 തീയതി: 05.02.2020

**തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചയത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.02.2019മുതൽ 20.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : | ശ്രീ.എ.മുഹമ്മദ് നിസാർ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം : | 22.10.2019 മുതൽ 31.10.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ശ്രീജ.കെ ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.ജി.കെ.പ്രേംനാഥ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സീന.കെ ,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ലിപു.എസ്.ലോറൻസ്,ഓഡിറ്റർ<br>ശ്രീ.കിരൺ.കെ.എസ്, ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വെള്ളനാട് ശശി | 01.04.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.എസ്.രാധാകൃഷ്ണകമ്മത്ത് | 01.04.2018 മുതൽ 30.04.2018വരെ |
| | ശ്രീമതി ബീന.സി.പി(ഇൻ-ചാർജ്) | 01.05.2018 മുതൽ 24.06.2018 വരെ |
| | ശ്രീമതി എം.നൂർജഹാൻ | 25.06.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | **ഉദ്യോഗസ്ഥന്റെ പേര്, വിലാസം** | **കാലയളവ്** |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സരിത.ജെ | 01.04.2018മുതൽ 02.05.2018 വരെ |
| | ശ്രീ.സന്തോഷ്കുമാർ.കെ.വി | 03.05.2018മുതൽ 24.06.2018 വരെ |
| | ശ്രീ.എം.സതീഷ് കുമാർ | 25.06.2018മുതൽ 12.08.2018 വരെ |
| | ശ്രീ.ഷൈൻ.പി.ആർ | 13.08.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.ജയകുമാർ ബി, | 01.04.2018മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.കുമാരി.വി.എസ്.അജി | 01.04.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ.ചാന്ദിനി.കെ.ജെ | 01.04.2018 മുതൽ 31.03.2019വരെ |
| എച്ച്.എം. ഗവ.എൽ.പി.എസ്. | ശ്രീ.ജയകുമാർ | 01.04.2018 മുതൽ 31.03.2019വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ശാന്തിനി.ബി | 01.04.2018 മുതൽ 31.03.2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ചാങ്ങ-സർക്കിൾ) | ശ്രീമതി.അനീഷ ശശി | 01.04.2018മുതൽ 31.05.2018 വരെ |
| | ശ്രീ.വി.വി.രാജഗോപാൽ | 1.06.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വെള്ളനാട്-സർക്കിൾ) | ശ്രീമതി.അനീഷ ശശി | 01.04.2018 മുതൽ 31.12.2018വരെ |
| | ശ്രീ.വി.വി.രാജഗോപാൽ | 01.01.2019 മുതൽ 19.01.2019 വരെ |
| | ശ്രീമതി.ലത്തീഫാ ബീഗം | 20.01.2019 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ചന്ദ്രലേഖ.പി.എസ് | 01.04.2018 മുതൽ 11.10.2018 വരെ |
| | ശ്രീ.ഉല്ലാസ്.റ്റി.ജി | 12.10.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.നിഷ വത്സലൻ | 01.04.2018 മുതൽ 21.11.2018വരെ |
| | ശ്രീമതി.ലേഖ.എ | 22.11.2018 മുതൽ 31.03.2019വരെ |
| അസി.സെക്രട്ടറി | ശ്രീമതി.ബീന.സി.പി. | 01.04.2018 മുതൽ 31.03.2019വരെ |

**ഉള്ളടക്കം**


| | **ഭാഗം 1** | |
|---|---|---|
| ക്രമ നം. | **ഓഡിറ്റ് റിപ്പോർട്ട്** | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | [illegible] | 1-5 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബിൽഡിംഗ് പെർമിറ്റ് കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-12 |
| 13 | വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയർ- അപാകങ്ങൾ- വരുമാനച്ചോർച്ച | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-14 |
| 15 | ലേല തുക ഈടാക്കിയിട്ടില്ല- 232500/-രൂപയും പലിശയും ഈടാക്കേണ്ടതാണ്. | 1-15 |
| 16 | ലേലം- ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നതിനായി കൃഷിഭവൻ പൊളിച്ചു നീക്കുന്നതിന് വാല്വേഷൻ നൽകിയത് സംബന്ധിച്ച അപാകങ്ങൾ | 1-16 |
| 17 | വാടക രജിസ്റ്റർ ഹാജരാക്കിയിട്ടില്ല-46060/-രൂപ അടിയന്തിരമായി ഈടാക്കേണ്ടതാണ്. | 1-17 |
| 18 | റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ് | 1-18 |
| 19 | ഡി&ഒ ലൈസൻസ് -എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല | 1-19 |
| 20 | ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം | 1-20 |
| 21 | പഞ്ചായത്ത് ഓഫീസിന് അധികസൗകര്യം ലഭ്യമാക്കൽ-320682/-രൂപ നിരാകരിക്കുന്നു | 1-21 |
| 22 | ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം-സ്ട്രക്ച്ചറൽ ഡിസൈൻ- തുക നൽകിയതിലെ അപാകങ്ങൾ 331513/-രൂപ നിരാകരിക്കുന്നു | 1-22 |
| 23 | വനിതകൾക്ക് യോഗ പരിശീലനം പദ്ധതി - 41333/- രൂപ നിരാകരിക്കുന്നു, 40000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 24 | പഞ്ചായത്ത് ഓഫീസിന് അധികസൗകര്യം ലഭ്യമാക്കൽ- വാങ്ങിയ സാധനസാമഗ്രികളുടെ വിലയായ 2011579/-രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | എ.ബി.സി പ്രോഗ്രം-പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയില്ല.48300/-രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | തുടർസാക്ഷരതാ പഠനം - കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല – 150000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | റീടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ്ചെയ്ത തുക -ക്രമീകരിച്ചിട്ടില്ല. | 1-27 |
| 28 | വൗച്ചർ പരിശോധന-ഷോപ്പിങ്ങ് കോംപ്ലക്സ് ഉദ്ഘാടനം-ചെലവുതുക55000/-രൂപ നിരാകരിക്കുന്നു. | 1-28 |
| 29 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ് | 1-29 |
| 30 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-30 |
| 31 | വാഹനപരിപാലനം - അപാകങ്ങൾ | 1-31 |
| 32 | ചിറ വൃത്തിയാക്കൽ - അധികതുക ചെലവായി - 1067/- രൂപ നിരാകരിക്കുന്നു | 1-32 |
| 33 | ഐ സി ഡി എസ് കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. | 1-33 |
| 34 | അലോപ്പതി മരുന്ന് ലഭ്യമായില്ല - 442944/- രൂപ തടസ്സപ്പെടുത്തുന്നു. | 1-34 |
| 35 | ആയുർവേദ മരുന്ന് ലഭ്യമായില്ല – 75737/- രൂപ തടസ്സം ചെയ്യുന്നു. | 1-35 |
| 36 | നാഷണൽ റർബൻ മിഷൻ പദ്ധതിയുടെ ക്ലസ്റ്റർ പഞ്ചായത്ത്- പദ്ധതികളുടെനടത്തിപ്പ് വേഗത ഉയർത്തണം | 1-36 |
| 37 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല-പഞ്ചായത്തിന്റേതാണെന്നുറപ്പു വരുത്താതെ ആസ്തി നിർമ്മാണപ്രവൃത്തികൾ നടത്തുന്നു. | 1-37 |

| | | |
|---|---|---|
| 38 | ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത അക്കൗണ്ടിൽ 1498959/-രൂപ അവശേഷിക്കുന്നു. | 1-38 |
| 39 | വാഹനങ്ങൾ വാടകയ്ക്കെടുക്കൽ - അപാകങ്ങൾ അധികച്ചെലവായ 92538/- രൂപ നിരാകരിക്കുന്നു | 1-39 |
| 40 | ഐ.സി.ഡി.എസ് പൂരക പോഷകാഹാരം അടങ്കൽ അപര്യാപ്തം | 1-40 |
| 41 | പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് മെച്ചപ്പെടുത്തണം | 1-41 |
| 42 | ബിൽ തുകയുടെ കൃത്യത പരിശോധിച്ചില്ല-12116/- രൂപ നിരാകരിക്കുന്നു. | 1-42 |
| | <u>ഭാഗം 2</u> | |
| | ***വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ*** | |
| 43 | ലേല തുക ഈടാക്കിയിട്ടില്ല- 232500/-രൂപയും പലിശയും ഈടാക്കേണ്ടതാണ്. | 2-1 |
| | <u>ഭാഗം 3</u> | |
| | ***ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ*** | |
| 44 | പഞ്ചായത്ത് ഓഫീസിന് അധികസൗകര്യം ലഭ്യമാക്കൽ 331513/- രൂപ നിരാകരിക്കുന്നു | 3-1 |
| 45 | ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം-സ്ട്രക്ച്ചറൽ ഡിസൈൻ- തുക നൽകിയതിലെ അപാകങ്ങൾ 314895/- രൂപ നിരാകരിക്കുന്നു. | 3-2 |
| 46 | വനിതകൾക്ക് യോഗ പരിശീലനം പദ്ധതി - 41333/- രൂപ നിരാകരിക്കുന്നു, 40000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 |
| 47 | വാഹനങ്ങൾ വാടകയ്ക്കെടുക്കൽ - അപാകങ്ങൾ അധികച്ചെലവായ 92538/- രൂപ നിരാകരിക്കുന്നു | 3-4 |
| 48 | വൗച്ചർ പരിശോധന-ഷോപ്പിങ്ങ് കോംപ്ലക്സ് ഉദ്ഘാടനം-ചെലവുതുക55000/- രൂപ നിരാകരിക്കുന്നു. | 3-5 |
| 49 | ചിറ വൃത്തിയാക്കൽ - അധികതുക ചെലവായി - 1067/- രൂപ നിരാകരിക്കുന്നു | 3-6 |
| 50 | ബിൽ തുകയുടെ കൃത്യത പരിശോധിച്ചില്ല-12116/- രൂപ നിരാകരിക്കുന്നു. | 3-7 |
| | ഭാഗം 4 | |
| | ***പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും*** | |
| 51 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 52 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 53 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 55 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 56 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 57 | ഓഡിറ്റ് റിക്കവറി | 4-7 |
| 58 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 59 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.02.2018-ാംതീയതിയിലെ 1(1)ാംതീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 28.02.2019.തീയതിയിലെ -1(1)ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 18.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

:

| | | |
|---|---|---|
| മുന്നിരിപ്പ് | : | 19340512 |
| വരവ് | | 153732390 |
| ആകെ | | 173072902 |
| ചെലവ് | : | 161754996 |
| നീക്കിയിരിപ്പ് | : | 11317906 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 21374283 | 21374283 | 21374283 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5200888 | 5200888 | 5200888 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 1075000 | 1075000 | 1075000 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8455217 | 8455217 | 8455217 | 0 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 0 | 8424653 | 8424653 | 8424653 | 0 |
| സംരക്ഷണ ഗ്രാന്റ് ( നോൺ റോഡ്) | 0 | 1674441 | 1674441 | 1674441 | 0 |
| ബി ഫണ്ട് | 0 | 1623960 (*1) | 1623960 | 1623960 | 0 |
| Syndicate Bank-MGNREGS (*2) | 12918.16 | 823918 | 836836.16 | 827741.53 | 9094.63 |
| Syndicate Bank-Rurban<br>Axis Bank -Rurban 2 | 8638994<br>8638994 | 17207808 | 25846802 | 25213663 | 97(*3)<br>633042 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| SBI -relief fund | 0 | 91665 | 91665 | 79457.3 | 12207 |
| SBT Paika | 12902 | 458 | 13360 | 0 | 13360 |
| Syndicate Bank - Saksharatha | 1140 | 41 | 1181 | 0 | 1181 |
| Co-op. Bank Own | 2084 | 0 | 2084 | 0 | 2084 |
| SBI Online payment | 31905 | 32971 | 64876 | 0 | 62656 |
| Own fund Try TSB (GPF വരവ് 11637485/- രൂപ) | 3155538 | 21541759 | 24697297 | 20853389 | 3843908 |
| SBI Own fund | 6924759 | 50923865 | 57848624 | 51319811 | 6528813 |
| ക്യാഷ് | 560272 | 211463 | 771735 | 560272 | 211463 |

(*1) ബി ഫണ്ട് യഥാർത്ഥ വരവ് -1413960/- രൂപയാണ്

(*2) ക്യാഷ്ബുക്ക് പ്രകാരമുള്ള വരവ് 824538/- രൂപയാണ്

(*3) -(Syndicate Bank- Rurban 31.03.2019 പ്രകാരമുള്ള പാസ്സ്ബുക്ക് CB-0 ആണ്. എന്നാൽ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പാസ്സ്ബുക്ക് CB-97/- ആണ്)

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 251965348 | 115 | 112673233 | 0 | 56 | 67 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ(*1) | 12918.16 | 823918 | 836836.16 | 827741.53 | 9094.63 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (*2) | 0 | 52426885 | 52426885 | 52426885 | 0 |
| ആകെ | 12918.16 | 53250803 | 53263721.16 | 53254626.53 | 9094.63 |

(*)100 days employees allowance ഇനത്തിൽ RP-7 പ്രകാരം 337000/- രൂപ വന്നത് RP -19 പ്രകാരം ചെലവായിട്ടുണ്ട്. പ്രസ്തുത തുക ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

(*1) 2017-18 ലെ uncashed cheque-620/- രൂപ ക്യാഷ്ബുക്കിൽ വരവായി എടുത്തുവെങ്കിലും എ.എഫ്.എസിൽ മാറ്റം വരുത്തിയിട്ടില്ല

(*2)AFS പ്രകാരം EFMS വരവ്/ചെലവ് 52426000/-രൂപയാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 843960 | 421 |
| കർഷകതൊഴിലാളി പെൻഷൻ | 6564700 | 515 |
| വിധവാപെൻഷൻ | 18820700 | 1538 |
| വാർദ്ധക്യകാലപെൻഷൻ | 34474800 | 2717 |
| വികലാംഗപെൻഷൻ | 5269900 | 420 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 780000 | 26 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 1370800 | 111 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2019 ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ വൈകുന്നേരം 4.15ന നടത്തുകയുണ്ടായി. പരിശോധനയിൽ 5141 /-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വികസനത്തിന്റെ പാതയിൽ മുന്നേറുന്ന വെള്ളനാട് ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും ആഭ്യന്തര നിയന്ത്രണസംവിധാനത്തിലെ ചിലഘടകങ്ങളിലെ ഗുരുതരമായ അച്ചടക്കമില്ലായ്മ തടസ്സം സൃഷ്ടിച്ചിട്ടുണ്ട് എന്ന് പ്രഥമ ദൃഷ്ട്യാ കാണാം. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടേയും പാലനത്തിൽ ജാഗ്രതക്കുറവുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽകുറേക്കൂടി കൃത്യത പുലർത്തേണ്ടതുണ്ട്.തനതുവരുമാന സംഭരണം,പദ്ധതിപ്പണം ചെലവാക്കൽ എന്നിവയിൽ സാരമായ അപാകങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്.ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

- പ്രധാനനിരീക്ഷണങ്ങൾ താഴെ പറയുന്നു.
- <u>പൊതുവായ ആഭ്യന്തര നിയന്ത്രണം</u>
- ജീവനക്കാരുടെ ജോലി വിഭജനം ഓഫീസ് ഓർഡർ മുഖേന നിർണ്ണയിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.
- റെക്കോർഡ് റൂം പരിപാലനം തൃപ്തികരമല്ല. രജിസ്റ്ററുകളുടെ പരിപാലനത്തിൽ ഗുരുതരമായ ഉദാസീനത വിലയിരുത്തിയിട്ടുണ്ട്.വിശദാംശങ്ങൾക്ക് ഖ 1-17,1-19കാണുക
- ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

**<u>അക്കൗണ്ടിങ്ങ് സംവിധാനം</u>**

- ബജറ്റ് തയ്യാറാക്കുന്നതിലും അക്കൗണ്ടിങ്ങ് രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്.ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇക്കാര്യത്തിൽ കുറേക്കൂടിജാഗ്രത പുലർത്തേണ്ടതാണ്.
- തനതുഫണ്ട് ചെലവുകൾ- വൗച്ചർമുഖേന- ഗുരുതരമായ അപാകങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്.

  ഭാഗം 3 കാണുക

**<u>ഡി.സി.ബി ഇനങ്ങൾ- നികുതി നികുതിയേതരവരുമാനങ്ങൾ</u>**

നികുതി നികുതിയേതര വരുമാനങ്ങളിലൂടെ തനതുഫണ്ട് വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
  വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ -**ഖ.1-13കാണുക**
- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.**(ഖ.1-19)**
- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായിമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല **(ഖ.1-12)**
  .വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.
- ലേലനടപടി ക്രമങ്ങളിലെ അപാകങ്ങൾ വരവിനങ്ങളിലെ കുറവിനും അധികച്ചെലവിനും കാരണമാകുന്നു.-ഖ.1-15, 1-16കാണുക
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല
- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

  **<u>സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ</u>**

  സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്, അധികച്ചെലവ്.**(ഭാഗം-3കാണുക)**

- **<u>ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ</u>**
- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. **ഖ 1-31**കാണുക.

  **<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>**

- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.
- കർമ്മപദ്ധതി തയ്യാറാക്കിയിയിട്ടില്ല.വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല.ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.
- വിവിധ സ്റ്റാൻഡിങ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

  സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യകത നിശ്ചയിച്ച് പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബഡ്ജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല

  പ്രോജക്ടിലെ ആശയങ്ങളും വികസന പരിപ്രേക്ഷ്യവും തമ്മിൽ ബന്ധമില്ല
- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല.
- സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായുംപാലിച്ച് ജനകീയമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- മരാമത്ത് പ്രവൃത്തികൾ- സർക്കാർ മാർഗനിർദ്ദേശങ്ങൾ പാലിച്ചും അളവിലും നിരക്കിലും കൃത്യത പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. (ഖ-3-2)
- **(ii)പൊതുഭരണം**
- 29.01.15ലെ ജി.ഒ.(എം.എസ്)18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുമുണ്ട്.
- **സേവന ഉപനികുതി ചുമത്തുന്നില്ല**
- ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ വെള്ളനാട് പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്.ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-09-2019 &30-09-2019 | 7/2018, 8/2019 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.03.2015 മുതൽ 22.04.2015 വരെ | 2010-11 മുതൽ 2014-15 വരെ | 23.06.2015 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. NREGS-Admin വരവ് എ.എഫ്.എസും(823918/-) ക്യാഷ്ബുക്കുമായി(824538/-) പൊരുത്തപ്പെടുന്നില്ല. (2017-18 വർഷത്തെ uncacshed cheque amount ആയ 620/- രൂപ ക്യാഷ്ബുക്കിൽ വരവായി എടുത്തുവെങ്കിലും ഇതനുസരിച്ച് എ.എഫ്.എസിൽ മാറ്റം വരുത്തിയിട്ടില്ല)
2. NREGS-Admin ചെലവ്എ.എഫ്.എസ് പ്രകാരം 11220/- രൂപയാണ് എന്നാൽ ക്യാഷ്ബുക്ക് പ്രകാരം ആയത് 828361/- രൂപയാണ്
3. NREGS-EFMS വരവ്/ചെലവ് എ.എഫ്.എസും(52426000/-) ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റുമായി(52426885/-) പൊരുത്തപ്പെടുന്നില്ല
4. Other deposit, rent deposit, deposit from halls, deposit received fom others എന്നിവയുടെ വിശദാംശം രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനാൽ കൃത്യതബോധ്യപ്പെട്ടിട്ടില്ല
5. എ.എഫ്.എസ് പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലെ മുന്നിരിപ്പ്, വരവ്, ചെലവ് എന്നിവ കണക്കാക്കുമ്പോൾ നീക്കിയിരിപ്പ് വരേണ്ട തുക 1984898/- രൂപയാണ്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് 1412211/- രൂപയാണ്
6. 1998 ലെ കേ.പ.രാജ്(വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിതള്ളൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ Property tax(NR) ഇനത്തിൽ 342774/- രൂപയുടെ ഡിമാന്റ് കുറച്ചിരിക്കുന്നു
7. Rent of shopping complex ഡിമാന്റ്, ബാലൻസ് എന്നിവ എ.എഫ്.എസും, രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

| | Demand | | Balance | |
|---|---|---|---|---|
| | Arrear | Current | Arrear | Current |
| As per register | 74940 | 439524 | 4301 | 66489 |
| As per AFS | 140677 | 419580 | 70038 | 44491 |

8. DCB Market receipt -രജിസ്റ്റർ പ്രകാരം arrear ലഭിച്ച തുക(16000/-) എ.എഫ്.എസിൽ current colection നിൽ ആണ് ഉൾപ്പെട്ടിരിക്കുന്നത്

9. എ.എഫ്.എസ് പ്രകാരം Sale of timber ഇനത്തിലെ വരവ് 129050/- രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈ ഇനത്തിൽ 196070/- രൂപ വരവുണ്ട്.

10. രജിസ്റ്റർ പ്രകാരം sale of usufructs of trees ഇനത്തിൽ 10698/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇനത്തിൽ എ.എഫ്.എസ് പ്രകാരം വരവൊന്നുമില്ല

11. Professional tax – employees ഇനത്തിൽ ഡിമാന്റ് (2094685/-), കളക്ഷൻ(2079455) എന്നിവ തമ്മിലുള്ള വ്യത്യാസം 15230/- രൂപയാണ്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ നേരിട്ട് കുറവ് ചെയ്തിരിക്കുന്ന തുക 15480/- രൂപയാണ്.

12. വസ്തുനികുതി- ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയസ്റ്റേറ്റ്മെന്റും ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | എ.എഫ് എസ് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ് എസ് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം | എ.എഫ് എസ് പ്രകാരം | സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം |
| Property tax-Res.(current) | 2102870 | 2101597 | 1577153 | 1491561 | 552002 | 493173 |
| Property tax-Res.(arrear) | 1919243 | 2357018 | 1375761 | 1328212 | 1051816 | 1091234 |
| Property tax - Non-Res. (current) | 2418061 | 2210980 | 1409114 | 1823528 | 1059395 | 380177 |
| Property tax-Non-Res. (arrear) | 4382190 | 3117492 | 1756078 | 2330664 | 2178397 | 872462 |

13. ഡി&ഒ രജിസ്റ്റർ പ്രകാരം 1800/- രൂപ അരിയർ ഇനത്തിൽ കളക്ട് ചെയ്തിട്ടുണ്ട്. എന്നാൽ എ.എഫ്.എസിൽ ആയത് Priorperiod income-ൽ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്

14. B9 Schedule പ്രകാരം Professional tax-institution ഇനത്തിൽ 8260/- രൂപയും, D&O ഇനത്തിൽ 43100/- രൂപയും അഡ്വാൻസ് കളക്ഷനുണ്ട്. എന്നാൽ രജിസ്റ്ററിൽ ആയത് രേഖപ്പെടുത്തിയിട്ടില്ല

15. ICDS ചെലവ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 517058/- രൂപയാണ്. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് 771350/- രൂപയാണ്

16. ജില്ലാപഞ്ചായത്ത് വിഹിതം ചെലവ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 4723416/- രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരമുള്ള ചെലവ് 4758066/- രൂപയാണ്. (ഇതിൽ 14250/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ചെലവായി എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു).

17. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 3780744/- രൂപയാണ്. എന്നാൽ എ.എഫ്.എസിൽ 3766494/- രൂപയാണ് (വ്യത്യാസമുള്ള രൂപ എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ബ്ലോക്ക് വിഹിതത്തിന്റെ ചെലവായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു)

18. ട്രെഷറി റ്റി.എസ്.ബി അക്കൗണ്ടിൽ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 71788/- രൂപ RP-39 Schedule-ലെ other deposit ൽ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്

19. ICDS ഇനത്തിൽ 2017-18 സാമ്പത്തികവർഷം ലഭിച്ച 22469/- രൂപ തൻവർഷത്തെ വരവായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്

20. B-fund- Financial help for widows daughters marriage ഇനത്തിൽ തൻവർഷം ട്രെഷറി ബിൽബുക്ക്/ രജിസ്റ്റർ പ്രകാരം മാറിയതുക 570000/- രൂപയാണ്. എന്നാൽ എ.എഫ്.എസിൽ ആയത് 780000/- രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്

21. Donation to flood വരവ്, ചെലവ് വിശദാംശം പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

22. Syndicate bank -rurban റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല

23. എ.ഇ ലഭ്യമാക്കിയ ബിൽബുക്ക് തുകയും(15610973) എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് തുകയും(15685789/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല

24. capital work in progress മുൻ വർഷത്തെ capital contribution നോടൊപ്പം ,തൻ വർഷം Asset creation ആയി ചെലവഴിച്ച തുക (മുൻവർഷ ബി3+തൻ വർഷ ആർ.പി 38) 94924404/- രൂപയാണ്. ഇത് തൻവർഷത്തെ capital contribution( 80592870/- രൂപ) മായി പൊരുത്തപ്പെടുന്നില്ല.

25. B9 ഷെഡ്യൂൾ പ്രകാരം മുൻ വർഷത്തെ ബാദ്ധ്യത തൻവർഷവും നിലനിൽക്കുന്നു

| ഹെഡ് | ഇനം | തുക |
|---|---|---|
| 350800119 | liability for programme/scheme expenditure | 35100 |
| 350800299 | other liabilities | 322000 |

26. ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്താതെ താഴെ പറയുന്ന ചെലവുകൾ ചെയ്തിട്ടുണ്ട്.

| വൗച്ചർ നമ്പർ | ഇനം | തുക |
|---|---|---|
| 21900004, 21900005, 21900006, 21900007 തീയതി 2.4.19 | ഓണറേറിയം (ഇലക്റ്റഡ് മെമ്പേഴ്സ്) | 139400 |
| 21900008, 21900009, 21900010, 21900011 തീയതി 2.4.19 | സിറ്റിംഗ് ഫീ (ഇലക്റ്റഡ് മെമ്പേഴ്സ്) | 17450 |
| 21900056 തീയതി 2.4.19 | ടെലിഫോൺ ചാർജ്ജ് | 103 |

# 1-12 ബിൽഡിംഗ് പെർമിറ്റ് - കെട്ടിട നിർമ്മാണവുംവസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

1. തദ്ദേശസ്വയംഭരണവകുപ്പ് 2/12/15-ൽ പുറപ്പെടുവിച്ച സർക്കുലർ നം.12900/ആർ/2015/ത.സ്വ.ഭ,വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി

നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ വെള്ളനാട് പഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിംഗ് എന്നിവ വ്യത്യസ്ത ഫയലുകളായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. നമ്പറിംഗിനായി അപേക്ഷിച്ചിട്ടുള്ള ഫയലിൽ കെട്ടിടനികുതിയുമായി ബന്ധപ്പെട്ട അപേക്ഷയോ മറ്റു വിവരങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. ആയതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് കണക്കാക്കിയത് രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റിന്റെ അപേക്ഷയോടൊപ്പം നൽകുന്ന മറ്റ് രേഖകളുടെ പകർപ്പൊന്നും ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് മുതൽ നമ്പറിംഗ് വരെയുള്ള കാര്യങ്ങൾ ഒറ്റ ഫയലായി കൈകാര്യം ചെയ്യുന്നത് അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് ഉള്ള നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ആയത് ക്രമവത്കരിക്കുന്നതിനും സഹായകരമായിരിക്കും.

- സങ്കേതം സഞ്ചയയും സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് വിവരങ്ങളിൽ നിന്ന് ടാക്സ് ഡിമാന്റ്, സാംഖ്യയിലെ ഡിമാന്റ് എന്നിവയുമായി ബന്ധപ്പെടുത്താൻ കഴിയുന്നില്ല. പെർമിറ്റ് ഫീ അടച്ച രസീത് നമ്പർ മാന്വലായി ട്ടാണ് എൻട്രി വരുത്തുന്നത്.
- മാന്വലായി നടത്തുന്ന രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ KPBR Violation detect ചെയ്യുന്നതിന് സംവിധാനമുണ്ടെങ്കിലും അപ്‌ലോഡ് ചെയ്യപ്പെട്ട Building Plan മായി താരതമ്യം ചെയ്യുന്നതിനോ മറ്റ് അപാകതകൾ കണ്ടു പിടിക്കുന്നതിനോ സോഫ്റ്റ്‌വെയറിൽ self detection സംവിധാനമില്ല.
- പെർമിറ്റ് അനുവദിച്ചതിനുശേഷം Completion ആകുമ്പോഴോ പിന്നീടോ എക്സ്റ്റൻഷൻ ഉണ്ടായാൽ അത് regularise ചെയ്യുന്നത് സങ്കേതം മുഖേനയല്ല. മറ്റൊരു ഫയലായിട്ടാണ് . ഏരിയയിൽ വ്യത്യാസം വരുന്ന സന്ദർഭങ്ങളിലും പെർമിറ്റ് ഫയലിൽ മാറ്റം വരുന്നില്ല.
- കെട്ടിട നമ്പറിംഗുമായി ഇത് ബന്ധപ്പെടുത്തിയിട്ടില്ല.

# 1-13 വസ്തു നികുതി- സഞ്ചയ സോഫ്റ്റ് വെയർ- അപാകങ്ങൾ- വരുമാനച്ചോർച്ച

**(എ) <u>തനതു വരുമാനത്തിൽ ചോർച്ച.</u>**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ 3(5)പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4-ാം ഉപചട്ടം (1) -ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിലെ വെള്ളനാട് വാർഡിലെ ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് അത്തരത്തിലല്ല്ല നികുതി ചുമത്തി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേരും മേൽവിലാസവും | ഉപയോഗം | തറ വിസ്തീർണ്ണം/ പെർമിറ്റ് നമ്പർ | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന നികുതിയിലെ വ്യത്യാസം |
|---|---|---|---|---|---|---|---|
| 1 | 12/1741,<br>12/1742 | ജി.ജസ്റ്റിൻ സാം,<br>ഇ. നിർമ്മല<br>ജി.എൻ ടവേഴ്സ്<br>വെള്ളനാട്<br>695943<br>" | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ<br>റെസ്റ്റോറന്റുകൾ<br>ഷോപ്പുകൾ,<br>ഗോഡൗൺ<br>" | 79.92 ച.മീറ്റർ<br>79.92 ച.മീറ്റർ<br>ആകെ 159.84 ച.മീറ്റർ<br>( കംപ്ലീഷൻ പ്ലാൻ പ്രകാരം)<br>permit no.A3-BA(261090)/2018 dtd2.11.18 | 50/-രൂപ നിരക്കിൽ (79.92 x 50) =3996/-<br>50/-രൂപ നിരക്കിൽ (79.92 x 50) =3996/-<br>ആകെ 7992/-രൂപ | 60/-രൂപ നിരക്കിൽ (159.84 x60)=<br>9591/- രൂപ | 9591-7992=<br>1599/-രൂപ |
| 2 | 12/1667<br>12/1668<br>12/1669<br>12/1670 | സുരേഷ്കുമാർ<br>എസ്.എം,എസ് ബിൽഡിംഗ്<br>ശങ്കരവിലാസം<br>ചിറക്കോണം<br>"<br>"<br>" | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ<br>റെസ്റ്റോറന്റുകൾ<br>ഷോപ്പുകൾ,<br>ഗോഡൗൺ<br>"<br>"<br>" | 34.69 ച.മീറ്റർ<br>63.69<br>ച.മീറ്റർ<br>12ച.മീറ്റർ<br>51.69<br>ച.മീറ്റർ | 50/-രൂപ നിരക്കിൽ (34.69 x 50 =1735/- രൂപ<br>50/-രൂപ നിരക്കിൽ (63.69 x 50 =3185/-രൂപ<br>50/-രൂപ നിരക്കിൽ (12 x 50 =600/-രൂപ<br>50/-രൂപ നിരക്കിൽ (51.69 x 50 =2585/-രൂപ<br>ആകെ 8105/-രൂപ | 60/-രൂപ നിരക്കിൽ (162.07 x60)=<br>9724/- രൂപ | 9724-8105<br>=1619/-രൂപ |
| 3 | 12/1751<br>12/1752 | അശോക് കുമാർ,ഗായത്രി കോംപ്ലക്സ്, വെള്ളനാട്<br>" | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ<br>റെസ്റ്റോറന്റുകൾ<br>ഷോപ്പുകൾ,<br>ഗോഡൗൺ<br>" | 96.4 ച.മീറ്റർ<br>96.4 ച.മീറ്റർ<br>permit no.189/17-18 dated 26/03/18 | 50/-രൂപ നിരക്കിൽ (96.4 x 50 =4820/-രൂപ<br>50/-രൂപ നിരക്കിൽ (96.4 x 50 =4820/-രൂപ<br>ആകെ 9640/- | 60/-രൂപ നിരക്കിൽ (192.8 x60)=<br>11568/- രൂപ | 11568-9640 =1928/-രൂപ |

മേൽ കെട്ടിടങ്ങളെല്ലാം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നീ ഉപയോഗക്രമത്തിലുള്ളതാണ്. ഒരേ ഉപയോഗക്രമത്തിലുള്ളതും, ഒരേ കെട്ടിടത്തിന്റെ ഭാഗങ്ങളുമായ കെട്ടിടങ്ങളെ ഒരേ കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

**(ബി). <u>വസ്തു നികുതി ഈടാക്കിയതിൽ കുറവ്</u>**

ചുവടെ ചേർത്തിരിക്കുന്നവയിൽ പെർമിറ്റ് അനുവദിച്ചതിനെക്കാളും അധികമായി പണി പൂർത്തീകരിച്ചിരിക്കുന്നു. എന്നാൽ അവയിൽ നിന്നും അധിക തുക ഈടാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | പേര് മേൽവിലാസം | പെർമ്മിറ്റ്നം./ അനുവദിച്ചിരിക്കുന്ന അളവ് | പണിപൂർത്തിയാക്കിയ അളവ് | ഈടാക്കിയ തുക | ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 2 | രാജീവ്.ജി,& | A3-BA(199745)2018 | 189.29 ച.മീറ്റർ | 185x5 | 189.29x5= 946.45രൂപ |

| | | | | | |
|---|---|---|---|---|---|
| | ദീപ.എം.ജി നീലാജ്ഞനം കുരിശ്ശടി കോട്ടവിള മുണ്ടേല | തീയതി 08.08.2018/ 185.ച.മീറ്റർ | | =925/-രൂപ | |

**(സി) <u>അധിക നിർമ്മാണത്തിനു പെർമിറ്റ് ഫീ ഈടാക്കിയിട്ടില്ല.</u>**

ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിച്ചതിനെക്കാളും കൂടുതലായി നിർമ്മാണം നടത്തിയ ഭാഗത്തിനു അധിക ഫീ ഈടാക്കിയിട്ടില്ല.

| വാർഡ് നം. | പേര് മേൽവിലാസം | പെർമ്മിറ്റ്നം./ അനുവദിച്ചിരിക്കുന്ന അളവ് | പണി പൂർത്തി യാക്കിയ അളവ് | ഈടാക്കിയ തുക | അധികമായി ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 9 | സിൻടല്ല കുമാരി, &അഖിൽ.സി.എസ് മെയിൽ വിളാകത്ത് വീട്, പുനലാൽ | 117.56 ച.മീറ്റർ permit no 85/2017 dated 22.09.2107 | 151.77 ച.മീറ്റർ | 117.56 x3= 353/- | 151.77 -117.56= 34.21 x3x3 =308/-രൂപ |

ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുവാനും തനതു വരുമാനത്തിന്റെ ചോർച്ച തടയുവാനും ഭരണസമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജാഗ്രത പാലിക്കേണ്ടതാണ്.

**(ഡി) <u>വസ്തു നികുതി- നികുതി കണക്കാക്കിയതിലെ അപാകങ്ങൾ</u>**

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക 1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്,വികസനം കുറഞ്ഞത് എന്നീമാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതുംചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചപോരേണ്ടതുമാണ്. പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽവസ്തു നികുതി നിർണ്ണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്. വെള്ളനാട് പഞ്ചായത്തിൽ അപ്രകാരം മേഖല തിരിച്ച് മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ മേഖലാ അടിസ്ഥാനത്തിൽ ഇളവുകൾ നൽകിയിട്ടുള്ളത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമല്ല. മേഖലാതരം തിരിവിലെ അപാകംമൂലം വസ്തു നികുതി മുഖേനയുള്ള വരവിൽ താഴെ പറയും വിധം കുറവ് വന്നിട്ടുള്ളതായി കാണുന്നു.

| പേര് | വാർഡ് നം./ ഡോർ നം. | മേഖല | വിസ്തീർണം | ഉപയോഗക്രമം | റോഡ് |
|---|---|---|---|---|---|
| സുനിൽകുമാർ ഗോകുലം വെള്ളനാട് | 12/338<br>12/339 | പ്രഥമം<br>ദ്വിതീയം | 35.99 ച.മീ<br>69.76 ച.മീ | വാണിജ്യാവശ്യം<br>പാർപ്പിടം | വെള്ളനാട് – നെടുമങ്ങാട് റോഡ്<br>“ |
| രതകുമാർ അഖിൽ ഭവൻ വെള്ളനാട് ശ്രീകുമാർ ചെമ്പകം വെള്ളനാട് | 12/366<br>12/367<br>12/578<br>12/579 | ദ്വിതീയം<br>പ്രഥമം<br>ദ്വിതീയം<br>പ്രഥമം | 9 ച.മീ<br>9 ച.മീ<br>47.84 ച.മീ<br>50 ച.മീ | വാണിജ്യാവശ്യം<br>വാണിജ്യാവശ്യം<br>വാണിജ്യാവശ്യം<br>വാണിജ്യാവശ്യം | “<br>“<br>വെള്ളനാട്- ആര്യനാട് റോഡ്<br>“ |
| സിന്ധു കട്ടക്കൽ വീട് | 6/589<br>6/590 | ദ്വിതീയം<br>പ്രഥമം | 16.ച.മീ<br>37.2ച.മീ | വാണിജ്യാവശ്യം<br>വാണിജ്യാവശ്യം | വെള്ളനാട്- ആര്യനാട് റോഡ്<br>“ |

| ചെറുകുളം,ചാങ്ങ | | | | | |
|---|---|---|---|---|---|

**(എഫ്) <u>സഞ്ചയ സോഫ്റ്റ് വെയറിൽ അധികതുക ബുക്കുചെയ്യപ്പെട്ടു</u>**

8 -ാം നമ്പർ വാർഡിലെ 314 -ാം നമ്പർ വീടിന്റെ വസ്തുനികുതി ബുക് നമ്പർ 26170 ലെ 72 - ാം നമ്പർ രസീതിൽ 2013- 2014 മുതൽ 2017 – 18 വരെയുള്ള കുടിശ്ശികയും 2018 – 19 ലെ നികുതിയും ഉൾപ്പെടെ 2236/- രൂപ ഔട്ട് ഡോർ കളക്ഷനിലൂടെ 23.03.2019 ൽ സെക്ഷനിലെ ഉദ്യോഗസ്ഥ ഈടാക്കിയിട്ടുണ്ട്. ടി തുക സഞ്ചയ സോഫ്റ്റ് വെയറിൽ കളക്ഷനായി രേഖപ്പെടുത്തിയതിന്റെ അപാകംമൂലം കളക്ഷൻ തുകയുടെ ഇരട്ടിത്തുക സോഫ്റ്റ് വെയറിൽ ബുക്കുചെയ്യപ്പെട്ടു. ബുക്കുചെയ്യപ്പെട്ട അധികതുകയായ 2236/- രൂപ " PDE" എന്ന Entry Mode കോളത്തിൽ കാണുന്നു. ലഭിച്ചിട്ടില്ലാത്ത ഈ അധികതുക അടുത്ത വർഷങ്ങളിലെ അഡ്വാൻസ് തുകയായി മാറിയതുമൂലം വരും വർഷങ്ങളിൽ മേൽ വീടിന്റെ ഡിമാന്റ് നോട്ടീസ് ലഭിക്കാതെ പോകുന്നു. ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ വസ്തുനികുതി നഷ്ടപ്പെടാനുള്ള സാദ്ധ്യതയുണ്ട്.
2018 -2019 ൽ 18 വാർഡുകളിലായി 1,50,312/- രൂപ മുൻകൂറായി ലഭിച്ചിരിക്കുന്നു. മേൽ പരാമർശിക്കപ്പെട്ട അപാകംമൂലം തുക ലഭിക്കാതെ മുൻകൂറായി രേഖപ്പെടുത്തലുകൾ കടന്നുകൂടിയിട്ടില്ലായെന്ന് ഉറപ്പുവരുത്താൻ സെക്രട്ടറി നിർദ്ദേശം നല്കേണ്ടതാണ്. ഈ പരാമർശത്തിനുമേൽ സ്വീകരിക്കുന്ന നടപടികളും ഫലങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**(ജി) <u>വസ്തു നികുതി ഈടാക്കിയില്ല</u>**

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ )2011 ലെ പട്ടിക 1 ൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങൾക്കും വസ്തു നികുതി ഈടാക്കേണ്ടതാണ്.പട്ടിക ക്രമ നം. 10 ൽ പരാമർശിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി ഈടാക്കിയിട്ടില്ല.

<u>a)മൊബൈൽ ടവർ</u>

| ക്രമ നം. | വാർഡ് നം/കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കുവാനുള്ള തുക |
|---|---|---|---|
| 1 | 1/742 | Reliance infratel | 30858/-രൂപ |
| 2 | 12/1712 | Reliance infratel | 30858/-രൂപ |
| ആകെ | | | 61716/-രൂപ |

**<u>b)കല്യാണമണ്ഡപം</u>**

| വാർഡ് നം./കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കുവാനുള്ള തുക |
|---|---|---|
| 5/1712 | ചാങ്ങ ശ്രീഭഗവതി ക്ഷേത്രം കല്യാണമണ്ഡപം | 1235/-രൂപ |

പ്രസ്തുത തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയമായിരിക്കുമെന്നിരിക്കെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എസ്.ബി.ഐ വെള്ളനാടിൽ നിന്നും രണ്ടാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ കാണുന്നില്ല.ജീവനക്കാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായി ഓഡിറ്റ് എൻക്വയറി നം. 31 നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. പ്രസ്തുത തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ലേല തുക ഈടാക്കിയിട്ടില്ല- 232500/-രൂപയും പലിശയും ഈടാക്കേണ്ടതാണ്.

വെള്ളനാട് പബ്ലിക്ക് മാർക്കറ്റിന്റെ ഗേറ്റ് ഫീയുടെ പിരിവിനത്തിൽ കുടിശികയായ 232500/- രൂപയും പലിശയും ഈടാക്കേണ്ടതാണ്.(ഖ.2-1) കാണുക.

## 1-16 ലേലം- ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നതിനായി കൃഷിഭവൻ പൊളിച്ചു നീക്കുന്നതിന് വാലേഷൻ നൽകിയത് സംബന്ധിച്ച അപാകങ്ങൾ

<u>ഫയൽ നമ്പർ- 6673/18</u>

വെള്ളനാട് പഞ്ചായത്തിൽ പുതിയഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നതിനായി നിലവിലുള്ള കൃഷിഭവൻ പൊളിച്ച നീക്കുന്നതിന് ലേലം നൽകിയതിൽ പ്രസ്തുത പ്രവൃത്തിയുടെ വാല്വേഷൻ/ എസ്റ്റിമേറ്റ് കണക്കാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. DSR 2016 നിരക്കുകൾ അനുസരിച്ചാണ് തുക കണക്കാക്കി വാല്വേഷൻ നിശ്ചയിച്ചിട്ടുള്ളത്.എന്നാൽ നൽകിയ നിരക്കുകളിൽ ചിലതിൽ താഴെ ചേർക്കും പ്രകാരം വ്യത്യാസം കാണുന്നു.

<u>ഉദാഹരണം</u>

| DSR code | Description of work | നൽകിയ നിരക്ക് / തുക | നൽകേണ്ട നിരക്ക്/തുക | വ്യത്യാസം |
|---|---|---|---|---|
| 7.1.1 | Random Rubble masonry with hard stone....cement mortar 1:6<br>80% serviceable | 22.28x865/$M^3$ =19272 | 22.85x1246.63<br>=28485.49 | 9213.49 (കൂട്ടേണ്ടത്) |
| 15.9.2 | Dismantling Charge | 27.85 $M^3$x1959.58/ $M^3$=54574 | 27.85 $M^3$x 1449.41= 40366.06 | 14207.94 (കുറക്കേണ്ടത്) |

ആകെ അഞ്ചിനങ്ങളാണ് ഉള്ളത് മേൽപ്പറഞ്ഞതൊഴികെ മറ്റിനങ്ങളിലൊന്നും DSR code ഏത് പ്രകാരമാണ് തുക കണക്കാക്കിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. Valuation of building ആയി 1825/- രൂപയാണ് കണക്കാക്കിയിട്ടുള്ളത്.ആകെ 20000/- രൂപക്കാണ് ലേലം കൊണ്ടത് മേൽ സൂചിപ്പിച്ച ഉദാഹരണത്തിൽ തന്നെ 23421/- രൂപയുടെ വ്യത്യാസം ഉണ്ട്.മറ്റിനങ്ങളിലൊന്നും DSR code രേഖപ്പടുത്താത്തതിനാൽ വ്യത്യാസം കണക്കാക്കാൻ കഴിയുന്നില്ല.ലേലത്തുക കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ടെന്ന് പ്രഥമ ദൃഷ്ട്യാ കാണുന്നു.

വ്യത്യാസം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 27 ന് മറുപടി നൽകിയില്ല.ലേലത്തുക കണക്കാക്കിയതിന്റെ DSR code ഉൾപ്പെടെയുള്ള ആധികാരിക കണക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതും കുറവ് വരുന്ന പക്ഷം ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-17 വാടക രജിസ്റ്റർ ഹാജരാക്കിയില്ല-46060/-രൂപ അടിയന്തിരമായി ഈടാക്കേണ്ടതാണ്.

വാടക രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ പഞ്ചായത്തിൽ എത്ര കടമുറികളുണ്ടെന്നും അവയിൽ നിന്നുള്ള വാടക കൃത്യമായി ഈടാക്കുന്നുണ്ടോയെന്നും വാടകയിനത്തിൽ വാർഷിക വർദ്ധനവ് ആനുപാതികമായ നിരക്കിൽ വരുത്തിയിട്ടുണ്ടോയെന്നും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. വാടക സംബന്ധിച്ച ഫയൽ പരിശോധനയിൽ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റേതായി 23 കടമുറികളുണ്ട്. എന്നാൽ 17 കടമുറികളിലെ വ്യാപാരികൾക്കാണ് വാടക പുതുക്കുവാൻ നോട്ടീസ് നൽകിയിട്ടുള്ളത്. ഇതിൽ 3 മുറികളിലെ വ്യാപാരികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കട മുറി നം. | വ്യാപാരിയുടെ പേര്/ മേൽവിലാസം |
|---|---|---|
| 1 | 13 | എം.പത്മകുമാർ,എസ്.ആർ ഭവൻ,വെള്ളനാട് |
| 2 | 15 | സെക്രട്ടറി, വെള്ളനാട് സ്വാശ്രയ കാർഷികകോത്പന്ന വിപണന സംഘം,വെള്ളനാട്. |
| 3 | 19 | മോഹനകുമാരൻ നായർ,ചെറുകുന്നത്ത് വീട്,വെളിയന്നൂർ,വെള്ളനാട് |

പ്രസ്തുത കടമുറികളിൽ ക്രമ നം 1,10,11,20,22എന്നിവ നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.

എത്ര കടമുറികളുണ്ടെന്നുള്ള ഓഡിറ്റ് എൻക്വയറി നം. 17 നുള്ള മറുപടിയിൽ ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു.

| കടമുറികളുടെ വിവരം | ആകെ | കരാർ ഉള്ളത് | കരാർ ഇല്ലാത്തത് |
|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് | 11 | 9 | 2 |
| മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സ് | 8 | 7 | 1 |
| മാർക്കറ്റ് സ്റ്റാൾ | 6 | 5 | 1 (ഒഴിഞ്ഞുകിടക്കുന്നു) |
| ആകെ | 25 | 21 | 4 |

15 കടമുറികളുടെ ലേലം കൊണ്ടവരുമായി കരാർ ചമച്ചിട്ടുണ്ടെന്നുള്ള മറുപടി ഫയലിൽ സൂക്ഷിച്ചിട്ടുള്ള കരാറുകളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല. അതിനാൽ വാടകയ്ക്ക് നൽകിയ മുറികളുടെ വ്യക്തമായ കണക്കും വാടക ഈടാക്കിയതിന്റെ വിശദാംശവും പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

*<u>വാടക കുടിശിക ഈടാക്കേണ്ടതാണ്</u>*

22.06.2018 ലെ 7(5)-ാംനമ്പർ കമ്മിറ്റി തീരുമാന പ്രകാരം ശ്രീമതി.യശോധര, സ്മിതാഭവൻ, പള്ളിത്തറ വെള്ളനാട് എന്ന വ്യക്തിക്ക് 21-ാംനം. കടമുറി അനുവദിച്ചു നൽകിയിട്ടുണ്ട്. ടിയാൾ 2013-14 മുതൽക്കുള്ള വാടക കുടിശികയിനത്തിൽ 96060/-രൂപ അടവാക്കുവാനുണ്ട്. അതിൽ 50000/-രൂപ 4.06.2018 ൽ അടവാക്കിയിട്ടുണ്ട്.ബാക്കി തുകയായ 46060/-രൂപ അടവാക്കിയതിന്റെ രേഖകൾ

ഓഡിറ്റിനു ഹാജരാക്കിയില്ല. പ്രസ്തുത തുക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു

2018-19 മുതൽ പുതുക്കിയ വാടകയ്ക്കാണ് കടമുറി നം. 21 അനുവദിച്ചിരിക്കുന്നത്. വാടക കുടിശിക തുകയിൽ എത്ര തുക ലഭിച്ചുവെന്നതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 17 നുള്ള മറുപടിയിൽ നിലവിൽ നാലു മാസത്തെ വാടക മാത്രമേ കുടിശികയായിട്ടുള്ളുവെന്ന അവ്യക്തമായ മറുപടിയാണ് ഹാജരാക്കിയിരിക്കുന്നത്.

പഞ്ചായത്തിന്റെ അധീനതിയിലുള്ള സ്ഥാപനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ, അവയിൽ നിന്നുള്ള വരുമാനത്തിന്റെ കൃത്യത എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ പരിപാലിക്കുന്നതിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധ കാണിക്കേണ്ടതും വാടക കുടിശ്ശികയുടെ കൃത്യമായ പട്ടികയും ഈടാക്കിയ വിവരങ്ങളും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കേണ്ടതാണ്

22.01.2018 ലെ (സി.എസ്.)എ9-764/2019 ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നുംഒഴിവാക്കുവാൻ കഴിയില്ലായെന്നു അറിയിച്ചിട്ടുണ്ട്. ആയതിനാൽ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവ ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ലൈസൻസ് -എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം സഞ്ചയയിൽ പരിശോധിച്ചപ്പോൾ 1954 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 'FACTEOS' ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് 345 സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ്. പഞ്ചായത്ത് തയ്യാറാക്കി ഹാജരാക്കിയ ട്രേയ്ഡേഴ്സ് ലിസ്റ്റിൽ 345 സ്ഥാപനങ്ങളാണുള്ളത്.

വാർഡടിസ്ഥാനത്തിലുള്ള ട്രേയ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-20 ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില പഞ്ചായത്ത് ഫണ്ടിൽ എത്തിയിട്ടില്ല-നടപടികൾ ത്വരിതപ്പെടുത്തണം

2018-19 സാമ്പത്തിക വർഷത്തിൽ ഇ-ടെണ്ടർ പ്രകാരം ടെണ്ടർ ക്ഷണിച്ചിട്ടുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. 2018-19 സാമ്പത്തിക സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് ഫോറവിലയായി ലഭിക്കാനുള്ളത് എന്ന ഓഡിറ്റ് എൻക്വയറി-8 ന് മറുപടി ലഭ്യമാക്കിയിട്ടില്ല പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ എത്തിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

## 1-21 പഞ്ചായത്ത് ഓഫീസിന് അധികസൗകര്യം

# ലഭ്യമാക്കൽ-320682/-രൂപ നിരാകരിക്കുന്നു

പഞ്ചായത്ത് ഓഫീസിന് അധിക സൗകര്യം ലഭ്യമാക്കൽ എന്ന പദ്ധതിയിലെ അപാകങ്ങളും അധിക തുക നൽകിയതു സംബന്ധിച്ച വിശദാംശങ്ങളും ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

# 1-22 ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം-സ്ട്രക്ച്ചറൽ ഡിസൈൻ- തുക നൽകിയതിലെ അപാകങ്ങൾ 331513/- രൂപ നിരാകരിക്കുന്നു

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഭരണസമിതിയുടെയും നിർവഹണഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള അലംഭാവം മൂലം അധികച്ചെലവുണ്ടായതായി വിലയിരുത്തിയിട്ടുണ്ട്.വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ചേർത്തിട്ടുണ്ട്.

# 1-23 വനിതകൾക്ക് യോഗ പരിശീലനം പദ്ധതി - 41333/- രൂപ നിരാകരിക്കുന്നു, 40000/- രൂപ തടസ്സപ്പെടുത്തുന്നു

വനിതകൾക്ക് യോഗ പരിശീലനം എന്ന പദ്ധതിയടെ നടത്തിപ്പിൽ വന്ന അപാകങ്ങൾ, അധികച്ചെലവ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഭാഗം 3-3 ൽ ചേർത്തിട്ടുണ്ട്.

# 1-24 പഞ്ചായത്ത് ഓഫീസിന് അധികസൗകര്യം ലഭ്യമാക്കൽ- വാങ്ങിയ സാധനസാമഗ്രികളുടെ വിലയായ 2011579/-രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :169/19

പ്രോജക്ടിന്റെ പേര് :ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - പഞ്ചായത്ത് ഓഫീസിന് അധിക സൗകര്യം ലഭ്യമാക്കൽ

അടങ്കൽ തുക : 2686531

ചെലവ് തുക : 2510082

ചെക്ക് നമ്പർ : 784482/13.07.18

283127/01.11.18

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചതിന് ശേഷം പഞ്ചായത്ത് ഓഫീസിന് അധിക സൗകര്യം ലഭ്യമാക്കൽ എന്ന പദ്ധതിയിലൂടെ പഞ്ചായത്ത് ഓഫീസിന്റെ മോടിപിടിപ്പിക്കലും സാധന സാമഗ്രികളുടെ വാങ്ങലുകൾക്കുമായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിച്ച തുകയിൽ 498503/- രൂപ സിവിൽ പ്രവൃത്തികൾക്കും ബാക്കി തുക വാങ്ങലുകൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതായി വൗച്ചറുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും രജിസ്റ്റർ പൂർണ്ണമല്ല. വാങ്ങിയ സാധന സാമഗ്രികൾ പഞ്ചായത്ത് ഓഫീസിനുള്ളിൽ സൂക്ഷിച്ചിട്ടുള്ളവയോ ഉപയോഗിക്കുന്നവയോ ആയതിനാൽ സംയുക്ത ഭൗതിക പരിശോധന നടത്തണമെന്ന് ഓഡിറ്റ് അന്വേഷണം നമ്പർ 28/29.10.2019 മുഖേന അറിയിച്ചിട്ടും പഞ്ചായത്ത് സെക്രട്ടറി തയ്യാറായിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| Sl.No. | Name | Quantity | Amount (ജി.എസ്.ടി, ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ ഒഴികെ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | Display board 10x2 multi colour | 1 | 95580.00 |
| 2 | Display board 10x5 multi colour | 1 | 185260.00 |
| 3 | Water purifier with hot & cold water | 3 | 45666.00 |
| 4 | Induction cooker V Guard 30 litre | 3 | 12211.20 |
| 5 | Photo natural | 6 | 16800.00 |
| 6 | LG TV 43 inch | 2 | 122484.00 |
| 7 | LG TV 32 inch | 1 | 31742 |
| 8 | Stabilizer V Guard | 3 | 9274.80 |
| 9 | President room sofa set size 89x20 | 3 | 84960 |
| 10 | Clock with pendulam | 3 | 3540 |
| 11 | Almirah 12x90x40 cm | 7 | 171339 |
| 12 | Hard wood table 5x2.5x2 | 1 | 31060 |
| 13 | Table Top cloth with Glass 5x2.5 | 5 | 17500 |
| 14 | Glass door with Auto move with lock | 7 | 420700 |
| 15 | Table top cloth with Glass 6x3 | 2 | 8200 |
| 16 | Towel (For chair) | 150 | 60000 |
| 17 | Hard wood Alamirah 4.5x1.75x4.5 | 1 | 19900 |
| 18 | Computer table 3x2 | 1 | 4900 |
| 19 | Aluminium Stand 5x3 glass panel | 1 | 15500 |
| 20 | Aluminium door toilet | 1 | 9600 |
| 21 | Revolving chair medium back synthetic leather | 25 | 177500 |
| 22 | Vacuum cleaner | 1 | 21600 |
| 23 | Computer table 90x60x75 | 1 | 11291 |
| 24 | Office equipments | - | 100000 |
| 25 | Mirror75 sqft | - | 3600 |

സംയുക്ത പരിശോധനയ്ക്ക് തയ്യാറാകാത്ത സാഹചര്യത്തിൽ മേൽ വാങ്ങലുകൾക്കായുള്ള ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 1-25 എ.ബി.സി പ്രോഗ്രാം-പദ്ധതി പൂർണമായും നടപ്പിലാക്കിയില്ല.48300/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം. | 31/18-19 |
| പേര് | അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രം |
| ഫണ്ടിനം | വികസന ഫണ്ട് (ജനറൽ) |
| അടങ്കൽ | 48300/- |
| ചെലവ് | 48300/- |
| ബിൽ നം. / | 4/18-19 |

| | |
|---|---|
| തീയതി | 4.10.2018 |
| | |
| നിർവഹണം | വെറ്ററിനറി സർജൻ |

പഞ്ചായത്ത് പ്രദേശത്ത് അലഞ്ഞു തിരിഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിനായി അക്രമകാരികളും അല്ലാത്തതുമായ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടികൂടി വന്ധ്യംകരണത്തിനു സൗകര്യമേർപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് ഏല്പിച്ച് വന്ധ്യംകരണം നടപടികൾക്ക് ശേഷം അവയെ പിടികൂടിയ സ്ഥലത്തു തിരികെ വിടുന്നതിനുള്ള തുക നായൊന്നിനു 2100/-രൂപ നിരക്കിൽ കുടുംബശ്രീ ജില്ല മിഷൻ കോ-ഓഡിനേറ്റർക്ക് കൈമാറുന്ന പദ്ധതിയാണിത്.

മേൽ പദ്ധതി പ്രകാരം 23 നായ്ക്കളെ 15.02.2019 നു പിടിക്കുകയും 16.02.2019 നു അവയെ വന്ധ്യംകരണം ചെയ്തതായി വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വന്ധ്യംകരണം ചെയ്ത നായ്ക്കളെ പരിപാലിച്ചതു സംബന്ധിച്ചോ, അവയെ പിടികൂടിയ സ്ഥലത്തു തിരികെ വിട്ടതു സംബന്ധിച്ചുള്ള വിവരവും ലഭ്യമല്ല. കൂടാതെ നായ്ക്കൾക്ക് ആന്റി റാബിസ് വാക്സിൻ കൂടി നൽകേണ്ടതുണ്ട്. എന്നാൽ നായ്ക്കളെ വന്ധ്യംകരണം ചെയ്തതായി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനു ശേഷമുള്ള തുടർ നടപടികൾ യാതൊന്നും തന്നെ നടന്നിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു മറുപടി ഹാജരാക്കിയിട്ടില്ല (നം. 29).തുടർ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ച രേഖയോ വിശദീകരണമോ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്. കേവലം തുക കൈമാറൽ എന്നതിനുപരി പദ്ധതി കൊണ്ട് എന്താണോ ലക്ഷ്യം വച്ചത് ആയതു പ്രാവർത്തികമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 തുടർസാക്ഷരതാ പഠനം - കൈപ്പറ്റ് രസീത് ലഭ്യമാക്കിയില്ല – 150000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | തുടർസാക്ഷരതാ പഠനം |
| പദ്ധതി നമ്പർ | S0061/19 |
| അടങ്കൽ | 150000/- രൂപ |
| ഫണ്ടിനം | വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | 150000/- രൂപ |
| ബിൽ നം./ തീയതി | 1/18- 19 – 150000/- 22.03.2019 |
| നിർവഹണം | ഹെഡ് മാസ്റ്റർ |

പത്താം ക്ലാസ്, പ്ലസ് ടു എന്നിവയിൽ തുടർപഠനം സാദ്ധ്യമാക്കാൻ ആവിഷ്കരിച്ച ഈ പദ്ധതി പ്രകാരം കേരള സാക്ഷരതാമിഷന് കൈമാറിയ തുകയ്ക്ക് കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 35/ 30.10.2019 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കേരള സാക്ഷരതാമിഷന് കൈമാറിയ 150000/- രൂപ തടസ്സപ്പെടുത്തുന്നു. കൈപ്പറ്റ് രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. കൂടാതെ, മേലിൽ ഇത്തരത്തിൽ വിവിധ ഏജൻസികൾക്ക് പണം കൈമാറുമ്പോൾ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി ബന്ധപ്പെട്ട ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 റീടെൻഷൻ ഇനത്തിൽ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ്ചെയ്ത തുക -ക്രമീകരിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്നഅപാകങ്ങൾ നിലനിൽക്കുന്നു

1. **കാരിക്കോണം ഏലാറോഡ് പാർശ്വഭിത്തി നിർമ്മാണം**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0097/19 |
| അടങ്കൽ | 400000 |
| ചെലവ് | 394970 |
| ബിൽ നമ്പർ | 42/2018-19 |
| ഫണ്ട് | ധനകാര്യകമ്മിഷൻ അവാർഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 98/18-19 |
| TS NO: | 50921/2018-19 |
| SoR | DSR-2016 |
| Cost Index | 44.12% |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക GST ഉൾപ്പെടെ 400000 രൂപയാണ്.പ്രസ്തുത GST തുക കുറച്ചുള്ള തുകക്ക് ടെണ്ടർ 1.1% tender below ക്ക് അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കി.എന്നാൽ എം ബുക്ക്& ബിൽ പ്രകാരം പ്രകാരം GST 2% , മറ്റ് കുറവുകൾ എന്നിവ വരുത്തി ഫൈനൽ ബിൽ ക്രമീകരിച്ചപ്പോൾ Retension ആയി 18808/- രൂപ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

2. **വെളിയന്നൂർ ചിറക്കോണം റോഡ് റീടാറിംഗ്**

| | |
|---|---|
| പ്രോജക്ട് നമ്പർ | SO216/18 |
| അടങ്കൽ | 529473 |
| ചെലവ് | 408664 |
| ബിൽ നമ്പർ | 41/18.12.18 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 274/18-19 |
| TS NO: | 93686/2017-18 |
| SoR | DSR-2016 |

| | |
|---|---|
| SoR | DSR-2016 |
| Cost Index | 44.12% |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക GST (27094)ഉൾപ്പെടെ 529473 രൂപയാണ്.പ്രസ്തുത GST തുക കുറച്ചുള്ള തുകക്ക് ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കി.എന്നാൽ എം ബുക്ക്& ബിൽ പ്രകാരം പ്രകാരം GST 2% , മറ്റ് കുറവുകൾ എന്നിവ വരുത്തി ഫൈനൽ ബിൽ ക്രമീകരിച്ചപ്പോൾRetension ആയി 19460 രൂപ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

3. **വാഴാലിക്ഷേത്ര നട റോഡിൽ പാർശ്വഭിത്തി നിർമ്മാണം**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0078/19 |
| അടങ്കൽ | 600000 |
| ചെലവ് | 496959 |
| ബിൽ നമ്പർ | 40/2018-19,18.12/18 |
| ഫണ്ട് | ധനകാര്യകമ്മിഷൻ അവാർഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 289/18-19 |
| TS NO: | 50892/2018-19 |
| SoR | DSR-2016 |
| Cost Index | 44.12% |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക GST lumpsum total 26374/-ഉൾപ്പെടെ 600000 രൂപയാണ്.പ്രസ്തുത GST തുക കുറച്ചുള്ള തുകക്ക് ടെണ്ടർ item rate tender below ക്ക്473294രൂപക്ക് അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കി.എന്നാൽ എം ബുക്ക്& ബിൽ പ്രകാരം പ്രകാരം GST 2% , മറ്റ് കുറവുകൾ എന്നിവ വരുത്തി ഫൈനൽ ബിൽ ക്രമീകരിച്ചപ്പോൾRetension ആയി 23665/- രൂപ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളിലും ഫൈനൽ ബിൽ ക്രമീകരിച്ചപ്പേൾ ഇത്തരത്തിൽ Retension ആയി തുകകൾ ക്രഡിറ്റ് ചെയ്തതിന്റെ കാരണം, വിശദാംശങ്ങൾ എന്നിവലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട എൻക്വയറി 13,38 എന്നിവക്കുള്ള മറുപടിയിൽ കരാറുകാരന്റെ GST compensation ആണ് സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത് എന്നും കരാറുകാരൻ GST ഫയൽ ചെയ്തു വരുന്ന മുറക്ക് ടി തുക കരാറുകാരന് നൽകും എന്നും അറിയിച്ചു. 12/18 -ലെ ബില്ലുകളുടെ ക്രമീകരണം ഇതുവരെ നടന്നിട്ടില്ല എന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള തുകയുടെ നിരുത്തരവാദപരമായ ചെലവായി വിലയിരുത്തുന്നു. ഈയിനത്തിലെ ആകെ തുകയായ 61933/- രൂപയുടെ ക്രമീകരണം അടിയന്തിരമായി നടത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-28 വൗച്ചർ പരിശോധന-ഷോപ്പിങ്ങ് കോംപ്ലക്സ് ഉദ്ഘാടനം-ചെലവുതുക55000/-രൂപ നിരാകരിക്കുന്നു.

തനതു ഫണ്ടിൽനിന്നും വൗച്ചർ മുഖേന ചെലവഴിച്ച മേൽ തുക സംബന്ധിച്ച നിരാകരണത്തിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-6 ൽ ചേർത്തിട്ടുണ്ട്.

# 1-29 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തേണ്ടതാണ്

18 വാർഡുകളിലായി 28 അങ്കണവാടികളാണ് വെള്ളനാട് പഞ്ചായത്തിലുള്ളത്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറി നം 23/28.10.2019 ന് ലഭ്യമാക്കിയ മറുപടി, ബന്ധപ്പെട്ട രേഖകൾ എന്നിവ പ്രകാരം അങ്കണവാടികളുടെ ഭൗതിക സാഹചര്യത്തിൽ ചുവടെപ്പറയുന്ന കുറവുകൾ ഉണ്ട്.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 10 (5 എണ്ണത്തിന്റെ പണി പുരോഗമിക്കുന്നു) |
| 2 | ചുറ്റുമതിൽ ഇല്ലാത്തവ | സ്വന്തമായുള്ള കെട്ടിടത്തിൽ – 1<br>വാടകക്കെട്ടിടത്തിൽ - 3 |
| 3 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 28 |
| 4 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | സർട്ടിഫിക്കറ്റിനായും കത്ത് കൊടുത്തിരുന്നെങ്കിലും തുടർ നടപടികൾ ഉണ്ടായില്ല.ഗുണനിലവാരം ഇല്ലാത്തവയും കാലഹരണപ്പെട്ടവയും മാറ്റി പുതിയവ ആക്കേണ്ടത് - 28 |
| 5 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | 2018 – 19 ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറ്റകുറ്റപ്പണികൾക്കായും ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായും കത്ത് കൊടുത്തിരുന്നെങ്കിലും തുടർ നടപടികൾ ഉണ്ടായില്ല. |

മോഡൽ അങ്കണവാടിയിൽ ഉൾപ്പെടെ അപാകങ്ങൾ ഉണ്ട് എന്നുള്ളത് ഗൗരവമായ കാര്യമാണ്. ഓരോ വർഷവും കൃത്യമായി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടി കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/ തസ്വഭവ ഖണ്ഡിക 3.2.2, 3.2.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി അപാകങ്ങൾ കൃത്യമായി പരിഹരിക്കാൻ ആവശ്യമായ നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി എന്നിവയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# 1-30 തൊഴിലുറപ്പ് പദ്ധതി - അവലോകനം

| | |
|---|---|
| 2018-19സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ | 331 |

| | |
|---|---|
| എണ്ണം | |
| 2018-19സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2680 |
| 2018-19സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2405 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| തൊഴിൽകാർഡ് ലഭിക്കാൻ 14 ദിവസത്തിലധികം താമസമുണ്ടായവ | ഇല്ല |
| 15 ദിവസത്തിനകം തൊഴിൽ നല്കാനാകാതെ തൊഴിൽരഹിതവേതനം നല്കേണ്ടി വന്നവ | ഇല്ല |
| ബാങ്ക് അക്കൗണ്ട് ഇല്ലാത്ത തൊഴിൽ കാർഡ് ഉടമകൾ | ഇല്ല |
| 14 ദിവസത്തേക്ക് ഒന്നിച്ച് തൊഴിൽ ഡിമാന്റ് ചെയ്തവർ | 2150 |
| ഗ്രാമപഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 285 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 285 |
| ആവശ്യമായ തൊഴിൽദിനങ്ങൾ നിർദ്ദേശിച്ച അയൽക്കൂട്ടങ്ങൾ | 285 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 18 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 18 |
| സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം | 2 |
| ലേബർ ബജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 588 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 177 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 120 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ | 66 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 155586 |
| പരാതിരജിസ്റ്റർ പരിപാലനം | ഉണ്ട് |
| തൊഴിലാളികൾക്ക് ആവശ്യമായ അനുബന്ധ സൗകര്യങ്ങൾ | ഉണ്ട് |
| പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ച ബോർഡ് | ഉണ്ട് |
| അയൽക്കൂട്ടം, ഗ്രാമസഭ എന്നിവിടങ്ങളിൽ ചർച്ച ചെയ്യാതെ രൂപം കൊടുത്ത പദ്ധതികൾ | ഇല്ല |
| ആസ്തിരജിസ്റ്റർ | ഉണ്ട് |
| ലേബർ കംമ്പോണന്റ് | 42950000 |
| മെറ്റീരിയൽ കംമ്പോണന്റ് | 9476000 |
| ആകെ വരവ് | 1174455.63 |
| ആകെ ചെലവ് | 1165361 |

| തൊഴിൽദിനങ്ങൾ | തൊഴിൽകാർഡ് ഉടമകളുടെ എണ്ണം |
|---|---|
| 100 ദിനങ്ങൾ | 812 |
| 80-99 | 298 |
| 70-79 | 191 |
| 60-69 | 154 |
| 50-59 | 146 |
| 50 ൽ താഴെ | 582 |

# 1-31 വാഹനപരിപാലനം - അപാകങ്ങൾ

ഗ്രാമപ്പഞ്ചായത്തിൽ കെ.എൽ.21 ഡി. 7552 എന്ന ബൊലീറോയും ചവർ നീക്കം ചെയ്യാനായി കെ.എൽ.21 എഫ് 1001, കെ.എൽ.21 എച്ച്. 9777 എന്നീ വാഹനങ്ങളുമാണ് ഉള്ളത്. 30.06.2007 ലെ സർക്കാർ ഉത്തരവ് (എം എസ്) നം. 170/07/തസ്വഭവ അനുസരിച്ചാണ് വാഹനങ്ങൾ പരിപാലിക്കേണ്ടത്. എന്നാൽ വാഹനങ്ങളുടെ പരിപാലനത്തിൽ ചുവടെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

1. ഓരോ അർദ്ധവർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധവർഷത്തിൽ പെട്രോൾ, ഓയിൽ, ടയർ,ട്യൂബ്,ബാറ്ററി, സ്പെയർ പാർട്സ്, റിപ്പയർ, സർവ്വീസിംഗ് തുടങ്ങിയവയ്ക്കുണ്ടായ ചെലവ് സംബന്ധിച്ച് വാഹനത്തിന്റെ കസ്റ്റോഡിയൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരം റിപ്പോർട്ട് സമർപ്പിക്കുന്നില്ല.

2. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നില്ല.

3. ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ -

i) കസ്റ്റോഡിയന്റെയോ കസ്റ്റോഡിയൻ ചുമതലപ്പെടുത്തുന്ന ആളിന്റെയോ സാന്നിദ്ധ്യത്തിൽ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണ്.

ii) ഇന്ധനം നിറച്ച തീയതി, ആകെ ഇന്ധനത്തിന്റെ അളവ്, കിലോമീറ്റർ റീഡിംഗ്, ഇന്ധനം നിറയ്ക്കുമ്പോൾ ഹാജരായിട്ടുള്ള ആളിന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ സൂചിതങ്ങളായ രണ്ട് നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

4. കേരള ഫൈനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 324 പ്രകാരം, കേരള ഫൈനാൻഷ്യൽ കോഡ് വാല്യം II ലെ ഫാറം 48 A യിൽ Summary of Log Book ഉം ഫാറം 48 C യിൽ Maintenance and Repairs Account ഉം പരിപാലിക്കേണ്ടതാണ്. എന്നാൽ ഇവ പരിപാലിച്ചിട്ടില്ല.

ഇവ സംബന്ധിച്ച് കൊടുത്ത എൻക്വയറി നമ്പർ 1/22.10.2019 ന് അപാകങ്ങൾ പരിഹരിക്കുന്നതും മേലിൽ രേഖകൾ പരിപാലിക്കുന്നതുമാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതും അപാകങ്ങൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-32 ചിറ വൃത്തിയാക്കൽ - അധികതുക ചെലവായി - 1067/- രൂപ നിരാകരിക്കുന്നു

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഉണ്ടായ അധികച്ചെലവിന്റെ വിശദാംശങ്ങൾ ഖണ്ഡിക 3-6 ൽ ചേർത്തിരിക്കുന്നു.

# 1-33 ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ണ്ഡിക 3.3.3.I പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 3/22.10.2019 ന് ഇത്തരത്തിൽ ഒരു കമ്മിറ്റി പഞ്ചായത്തിൽ രൂപവത്ക്കരിച്ചിട്ടില്ല എന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ

പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിച്ച് വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-34 അലോപ്പതി മരുന്ന് ലഭ്യമായില്ല - 442944/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | പ്രാഥമിക ആരോഗ്യ കേന്ദ്രം മരുന്നുവാങ്ങൽ |
| പദ്ധതി നമ്പർ | S0017/19 |
| അടങ്കൽ | 300000/- രൂപ |
| ഫണ്ടിനം | വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | 300000/- രൂപ |
| ബിൽ നം./ തീയതി | 2/18- 19 – 300000/- 10.10.2018 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

2.

| | |
|---|---|
| പദ്ധതി | സാന്ത്വന പരിചരണം പാലിയേറ്റീവ് കെയർ |
| പദ്ധതി നമ്പർ | S0016/19 |
| അടങ്കൽ | 950000/- രൂപ |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണവിഭാഗം |
| ചെലവ് | 918310/- രൂപ |
| ബിൽ നം./ തീയതി | 9/18-19 -21.03.2019, 142944/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

പട്ടിക 1-ലെ പദ്ധതിയ്ക്ക് മരുന്ന ലഭ്യമാക്കാൻ ബിൽ നമ്പർ2/18- 19 –പ്രകാരം 10.10.2018 ന് 300000/- രൂപയും പട്ടിക 2 ലെ പദ്ധതിയ്ക്ക് മരുന്ന ലഭ്യമാക്കാൻ 450000/- രൂപയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല. കൂടാതെ പട്ടിക 1 ലെ പദ്ധതിയ്ക്ക് നാളിതുവരെ മരുന്ന് കിട്ടിയിട്ടും ഇല്ല. പട്ടിക 2 ലെ പദ്ധതിയ്ക്ക് 142944/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാൻ ഉണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി

32/30.10.2019 ന് മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കുന്നത് വരെ 442944/- രൂപ തടസ്സം ചെയ്യുന്നു.

# 1-35 ആയുർവേദ മരുന്ന് ലഭ്യമായില്ല – 75737/- രൂപ തടസ്സം ചെയ്യുന്നു.

1

| | |
|---|---|
| പദ്ധതി | പട്ടികവർഗ്ഗ കോളനികളിൽ മെഡിക്കൽ ക്യാമ്പ് |
| പദ്ധതി നമ്പർ | S0019/19 |
| അടങ്കൽ | 100000/- രൂപ |
| ഫണ്ടിനം | ടി.എസ്.പി |
| ചെലവ് | 100000/- രൂപ |
| ബിൽ നം./ തീയതി | 2/18- 19 /12.07.2018, 95000/-<br>4/19 /21.03.2019, 5000/- |

മേൽ പദ്ധതിയ്ക്ക് മരുന്ന ലഭ്യമാക്കാൻ ബിൽ നമ്പർ2/18- 19 –പ്രകാരം 12.07.2018 ന് 95000/- രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയ്ക്ക് കോർ ബാങ്ക് രസീത് നമ്പർ 1400901533 തീയതി 14.07.2018 പ്രകാരം ഔഷധി കൈപ്പറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആകെ 64130/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. 30870/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാൻ ഉണ്ട്.

2.

| | |
|---|---|
| പദ്ധതി | ആയുർവേദ ആശുപത്രിക്ക് മരുന്നവാങ്ങൽ |
| പദ്ധതി നമ്പർ | S0014/19 |
| അടങ്കൽ | 500000/- രൂപ |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം സാധാരണവിഭാഗം |
| ചെലവ് | 500000/- രൂപ |
| ബിൽ നം/ തീയതി | 1/18- 19 – 500000/- 12.07.2018 |

മേൽ പദ്ധതിയ്ക്ക് മരുന്ന ലഭ്യമാക്കാൻ ബിൽ നമ്പർ1/18- 19 –പ്രകാരം 12.07.2018 ന് 500000/-രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. ഈ തുകയ്ക്ക് കോർ ബാങ്ക് രസീത് നമ്പർ 1400901530 തീയതി 23.07.2018 പ്രകാരം ഔഷധി കൈപ്പറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആകെ 455133/- രൂപയുടെ മരുന്ന് മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. 44867/- രൂപയുടെ മരുന്ന് ഇനിയും ലഭ്യമാക്കാൻ ഉണ്ട്.

ഈ പദ്ധതികൾക്ക് മരുന്ന് പൂർണ്ണമായും ലഭിക്കാത്തതു സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറി 22/28.10.2019 ന് നിരവധി തവണ ഔഷധിയെ ബന്ധപ്പെട്ടെങ്കിലും മരുന്ന് ലഭ്യമായില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് എത്രയും വേഗം ലഭ്യമാക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതുവരെ 75737/- രൂപ തടസ്സം ചെയ്യുന്നു

# 1-36 നാഷണൽ റർബൻ മിഷൻ പദ്ധതിയുടെ ക്ലസ്റ്റർ പഞ്ചായത്ത്-പദ്ധതികളുടെ നടത്തിപ്പ് വേഗത ഉയർത്തണം

കേന്ദ്ര ഗ്രാമവികസന വകുപ്പ് 2016 ഫെബ്രുവരിയിൽ പ്രഖ്യാപിച്ച പദ്ധതിയാണ് ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ. ഈ പദ്ധതി നാഷണൽ റർബൻ മിഷൻ എന്ന പേരിൽ അറിയപ്പെടുന്നു. 25000 മുതൽ 50000വരെ ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകളെ ഒരു വികസന ക്ലസ്റ്ററായി വിജ്ഞാപനം ചെയ്ത് അവയുടെ സാമ്പത്തിക ഉന്നമനത്തിനും നൈപുണ്യ വികസനത്തിനും സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പ്രോജക്ടുകൾക്ക് മുൻതൂക്കം നൽകികൊണ്ട് സ്മാർട്ട് വില്ലേജ് ആക്കുകയാണ് പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. വെള്ളനാട്, ആര്യനാട് പഞ്ചായത്തുകൾ ചേർന്നതാണ് വെള്ളനാട് ക്ലസ്റ്റർ. ഇതിനകം ഈ പദ്ധതിയിലൂടെ 1,50,00,000/-രൂപ ലഭിച്ചിട്ടുണ്ട്. ലഭിച്ച തുകയെ അടിസ്ഥാനമാക്കിയും ടെണ്ടർ സേവിംഗ്സിലൂടെ ലഭിച്ച തുകയും പ്രയോജനപ്പെടുത്തി 41 വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്. ആയതിനാൽ പദ്ധതികളുടെ ഫയലുകളും അനുബന്ധരേഖകളും പൂർണമല്ല. പദ്ധതികളുടെ ഓഡിറ്റ് നടത്തുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളുടെ നടത്തിപ്പ് വേഗത ഉയർത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റ് വിഭാഗത്തിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-37 ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല-പഞ്ചായത്തിന്റേതാണെന്നുറപ്പു വരുത്താതെആസ്തി നിർമ്മാണപ്രവൃത്തികൾ നടത്തുന്നു.

1. 18-19ലെ മരാമത്ത് പ്രവൃത്തികൾ പരിശോധിച്ചതിൽ ആസ്തി രജിസ്റ്ററിൽ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ ആസ്തി യുണീക്ക് നമ്പർ പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്താതെ പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നതായി കണ്ടു. ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിക്കുന്നില്ല എന്നതാണിതിന്റെ കാരണം

2018-19 -ൽ വെള്ളനാട് പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെട്ടതും നിലവിലുള്ള ആസ്തിയിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതുമായ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള റോഡുകൾക്ക് പ്രോജക്ട് ഫോറത്തിൽ ആസ്തി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ ആസ്തി യൂണീക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായ ആസ്തി സംബന്ധിച്ച വിവരങ്ങൾ (പ്രോജക്ട് ഫോറം ഖ. 32,35,36) ഉൾപ്പെടുത്താതെ യാണ് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയിട്ടുള്ളത്.

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | റോഡിന്റെ പേര് | അടങ്കൽ തുക | ആസ്തിയുണീക്ക് നമ്പർ |
|---|---|---|---|
| S0162/18-19 | വട്ടവിള കുന്നത്ത് റോഡ് കലുങ്ക് | 585415 | ലഭ്യമാക്കിയില്ല |
| SO 063/18-19 | തോട്ടവിള തഴപ്പായ് ചൂരക്കുഴി റോഡ് | 504858 | |
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| SO 157/19 | അയ്യങ്കാളി എസ്.സി റോഡ് | 523216 | |
| SO62/19 | കൊങ്കണം ആലംകോട് റോഡ് | 558792 | |
| | | | |

മരാമത്ത് പ്രവൃത്തികൾ അംഗീകാരം നേടി നടപ്പാക്കുമ്പോൾ റോഡ്/ റോഡിതര ആസ്തികൾപഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്ന് ഉറപ്പ് വരുത്താതെയും പ്രോജക്ട് ഫോറത്തിൽആസ്തി രജിസ്റ്ററിലെസാക്ഷ്യപ്പെടുത്തിയ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്താതെയുമാണ് പ്രവൃത്തി അംഗീകാരം നേടി പൂർത്തിയാക്കുന്നത്.പ്രസ്തുത റോഡുകളുടെ ആസ്തി യുണീക്ക് നമ്പർ വിവരങ്ങൾഉൾപ്പെടുത്താത്തതു സംബന്ധിച്ച **ഓഡിറ്റ് എൻക്വയറി 30** ന് മറുപടിയായി ആസ്തി രജിസ്റ്റർ ജിയോ ടാഗ് ചെയ്ത് മാപ്പ് ചെയ്ത് കാലികമാക്കുന്ന നടപടി ഉടനെ പൂർത്തിയാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ജി.ഒ (എം.എസ്) 72/2017- പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖ.13.6 മരാമത്തു പ്രവൃത്തികൾ നടത്തുമ്പോൾ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. നിലവിലുള്ള ആസ്തികൾ എല്ലാം തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിമരാമത്ത് പ്രവൃത്തികൾ അംഗീകാരത്തിന് നൽകുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായ ആസ്തി സംബന്ധിച്ച വിവരങ്ങൾ (പ്രോജക്ട് ഫോറം ഖ 32,35,36) ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തികൾക്കു വേണ്ടി തന്നെയാണ് ഫണ്ട് ചെലവാക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-38 ധനകാര്യപത്രികയിൽ ഉൾപ്പെടാത്ത അക്കൗണ്ടിൽ 14,98,959/-രൂപ അവശേഷിക്കുന്നു.

വി.ഇ.ഒ യുടെ ഓഫീസിൽ നിന്ന് ലഭ്യമായ വെള്ളനാട് കോ ഓപ്പറേറ്റീവ് ബാങ്കിലെ SB 8329 എന്ന അക്കൗണ്ട് പാസ് ബുക്കിൽ 31.03.2019 ൽ 14,98,959/- രൂപ ബാക്കിയായുള്ളതായി രേഖപ്പെടുത്തൽ ഉണ്ട്. എന്നാൽ ഈ അക്കൗണ്ടിലെ തുക പഞ്ചായത്തിലെ 2018 - 19 ലെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 36/31.10.2019 ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അക്കൗണ്ട് ഇ.എം.എസ്. ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് തുടങ്ങിയതാണെന്നും ഈ പദ്ധതി പൂർത്തിയായതിനാലാണ് അക്കൗണ്ടിൽ ഇടപാടുകൾ ഇല്ലാത്തതെന്നും അക്കൗണ്ടിലെ തുക അടിയന്തരമായി തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് മറ്റൊരു അക്കൗണ്ട് പഞ്ചായത്തിന് ഉള്ളതും മൂന്ന് വർഷമായി ഈ അക്കൗണ്ട് കണക്കിൽപ്പെടാതെയും തിരിച്ചറിയപ്പെടാതെയും നിർജ്ജീവമായിത്തുടരുന്നതും കണക്കിലെടുത്ത് തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-39 വാഹനങ്ങൾ വാടകയ്ക്കെടുക്കൽ - അപാകങ്ങൾ അധികച്ചെലവായ 92538/- നിരാകരിക്കുന്നു

വാഹനങ്ങൾ വാടകയ്ക്കെടുക്കൽ - അപാകങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഖ 3-4 ൽ ചേർത്തിട്ടുണ്ട്.

# 1-40 ഐ.സി.ഡി.എസ് പൂരക പോഷകാഹാരം അടങ്കൽ അപര്യാപ്തം

2018 – 19 ൽ പൂരക പോഷകാഹര പദ്ധതിക്കായി പഞ്ചായത്ത് നീക്കിവച്ച തുക അപര്യാപ്തമാണ്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സ് വരെ പ്രായമുള്ള കുട്ടികൾ, കൗമാരക്കാരായ പെൺകുട്ടികൾ എന്നിവർക്കായാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്രസർക്കാർ നല്കുന്ന തുകയിൽ കുറവുള്ളത് വികസനഫണ്ടിൽ വകയിരുത്തുകയാണ് ചെയ്യേണ്ടത്. നിലവിൽ ഒരു കുട്ടിയ്ക്ക് 8 രൂപയാണ് കേന്ദ്രഫണ്ടിൽ നിന്ന് ലഭിക്കുന്നത്. എന്നാൽ ഇതിനേക്കാൾ വലിയ തുക (കാലാകാലങ്ങളിൽ പൊതുവിപണിയിലുള്ള വിലയ്ക്കനുസൃതം) ഓരോ വ്യക്തിക്കും വേണ്ടി ചെലവ് വരുന്നുണ്ട്. ഈ തുക കൃത്യമായി വകയിരുത്തിയാൽ മാത്രമേ പോഷകാഹരം ആവശ്യമായ അളവിൽ എല്ലാവരിലും എത്തിക്കാൻ കഴിയുകയുള്ളൂ. പഞ്ചായത്ത്

വകയിരുത്തുന്ന തുക കുറയുന്നതിനാൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന അളവിലോ, അർഹരായ എല്ലാ വ്യക്തികൾക്കോ പൂരകപോഷകാഹാരം എത്തിക്കാൻ കഴിയുന്നില്ല. 2018- 19 ൽ 100000/- രൂപ വികസനഫണ്ടിൽ അടങ്കൽ വയ്ക്കുകയും 996204/- രൂപ (99.62%) ചെലവ് ചെയ്യുകയും ചെയ്തിട്ടും പദ്ധതി ഫലപ്രദമായി നടത്താൻ കഴിഞ്ഞിട്ടില്ല. ഉദാഹരണമായി 2018 ഏപ്രിലിലെ സർവ്വേ പ്രകാരം [GO (Rt) No.1830/2017/LSGD dtd:02.06.2017] 6 മാസം മുതൽ 3 വയസ്സ് വരെ പ്രായമുള്ള 734 കുട്ടികൾ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ 606 കുട്ടികൾ അങ്കണവാടിയിൽ വന്നിരുന്നു. എന്നാൽ 168 (ഓരോ അങ്കണവാടിയിൽ നിന്നും 6 പേരെ വീതം കണക്കാക്കി ആകെ 28 അങ്കണവാടികളിലേക്കായി 28 x 6 = 168) പേർക്ക് ആവശ്യമായ പോഷകാഹാരം മാത്രമാണ് വാങ്ങിയത്. ഈ ഭക്ഷണം 2018 -19 ൽ അങ്കണവാടിയിൽ വന്ന എല്ലാ കുട്ടികൾക്കുമായി വീതിച്ചു കൊടുക്കുകയാണ് ചെയ്തത്. ഇതുമൂലം കുട്ടികൾ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്ക് ആവശ്യമായ പോഷകാഹാരം കൊടുക്കുക എന്ന പദ്ധതി ലക്ഷ്യം പ്രാപ്തമാകുന്നില്ല. ഇത് പരിഹരിക്കാനായി ആനുപാതികമായി അടങ്കൽ തുക വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അങ്കണവാടി തലത്തിലുള്ള വിശദമായ പട്ടിക അനുബന്ധം 2 ൽ ചേർത്തിട്ടുണ്ട്. സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ക്രമ നം. | | 6 മാസം മുതൽ 3 വയസ്സുവരെ | 3 വയസ്സ് മുതൽ 6 വയസ്സ് വരെ | കൗമാര ക്കാരായ പെൺ കുട്ടികൾ | മുലയൂട്ടുന്ന അമ്മമാർ | ഗർഭി ണികൾ |
|---|---|---|---|---|---|---|
| 1 | 2018 ഏപ്രിലെ സർവ്വേ പ്രകാരമുള്ള ഗുണഭോക്താക്കൾ | 734 | 852 | 1790 | 140 | 189 |
| 2 | 2018-19ൽ അങ്കണ വാടിയിൽ രജിസ്റ്റർ ചെയ്ത ഗുണഭോ ക്താക്കൾ | 606 | 306 | 50 | 140 | 189 |
| 3 | 2018-19ൽ പൂരക പോഷകാ ഹാരം വാങ്ങിയത് എത്ര പേർക്ക് വേണ്ടി എന്നത് | 168 | 306 | 50 | 27 | 64 |

# 1-41 പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പ് മെച്ചപ്പെടുത്തണം

29.10.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം 3217/2015 തസ്വഭവയുടെ വിവിധ ഖണ്ഡികകളിൽ അനുശാസിക്കുന്ന കാര്യങ്ങൾ പാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. എൻക്വയറി നം. 5/22.10.2019 ന് തന്നിട്ടുള്ള മറുപടി, പരിശോധനയ്ക്ക് വിധേയമാക്കിയ വിവിധ രേഖകൾ എന്നിവ പ്രകാരം കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു. മേൽ ഉത്തരവിലെ ബന്ധപ്പെട്ട ഖണ്ഡികകൾ വലയത്തിൽ ചേർത്തിരിക്കുന്നു.

1. സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനായി അലോപ്പതി, ആയുർവേദ, ഹോമിയോ ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ആരോഗ്യവകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർമാർ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സംഘടനകളുടെ പ്രതിനിധികൾ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളിൽ പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കാൻ സന്നദ്ധതയുള്ള വ്യക്തികൾ, കുടുംബശ്രീ സി.ഡി.എസ് ഭാരവാഹികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി യൂണിറ്റുകളുടെ ചുമതലയുള്ള അദ്ധ്യാപകർ എന്നിവരുടെ യോഗം വിളിച്ചു ചേർത്തിട്ടില്ല.( ഖണ്ഡിക 2.2.2 )

2. സാമ്പത്തിക വർഷത്തിനു മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ വൈസ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, രണ്ട് ജനപ്രതിനിധികൾ (ഒരു വനിത), കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി ചെയർപേഴ്സൺ, കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി മെമ്പർ സെക്രട്ടറി,ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ബ്ളോക്ക്/ ജില്ലാ പഞ്ചായത്ത് മെമ്പർമാർ, ഹോംകെയർ ടീമിലെ രണ്ട് സന്നദ്ധ പ്രവർത്തകർ, മെഡിക്കൽ ഓഫീസർ (ഹോമിയോ ആശുപത്രി), മെഡിക്കൽ ഓഫീസർ (ആയുർവേദ ആശുപത്രി), പാലിയേറ്റീവ് കെയർ നഴ്സ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങളുടെ ചാർജ്ജുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണം (ഖണ്ഡിക 2.3.2.). എന്നാൽ 10.01.2019,16.02.2019 എന്നീ തീയതികളിലായി ആകെ രണ്ട് യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്.

3. പാലിയേറ്റീവ് കെയർ ആവശ്യമുള്ള വ്യക്തികളുടെ പേരുകളടങ്ങിയ നോമിനൽ രജിസ്റ്റർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല ( ഖണ്ഡിക 2.5.6 ).

4. ഗൃഹസന്ദർശന ഷെഡ്യൂളിന്റെ പകർപ്പ് ഗ്രാമ / വാർഡ് കേന്ദ്രങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പതിക്കുന്നില്ല. (ഖണ്ഡിക 2.6.3 (2)).

5. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ പൊതുസമൂഹത്തിന്റെ സഹായത്താൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല ( ഖണ്ഡിക 2.6.8).

6. രോഗികളുടെ തൊഴിൽപരമായ പുനരധിവാസത്തിന് നടപടികൾ സ്വീകരിച്ചിട്ടില്ല (ഖണ്ഡിക 2.6.12).

7. രോഗികളുടെ പരിചരണത്തിനായി പ്രാദേശിക വിഹിതം സമാഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല (ഖണ്ഡിക 2.7.2).

മേൽ രേഖപ്പെടുത്തിയിരിക്കുന്ന അപാകങ്ങൾ പരിഹരിച്ച് അർഹരായവർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ സവിശേഷ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

## 1-42 ബിൽ തുകയുടെ കൃത്യത പരിശോധിച്ചില്ല-12116/- രൂപ നിരാകരിക്കുന്നു.

ബിൽ തുകയുടെ കൃത്യത പരിശോധിച്ചില്ല-വിശദാംശം ഖണ്ഡിക 3-7 ൽ ചേർത്തിട്ടുണ്ട്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലേല തുക ഈടാക്കിയിട്ടില്ല- 232500/-രൂപയും പലിശയും ഈടാക്കേണ്ടതാണ്.

വെള്ളനാട് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തെ വെള്ളനാട് പബ്ലിക്ക് മാർക്കറ്റിന്റെ ഗേറ്റ് ഫീയുടെ പിരിവിനായി 312500/- രൂപക്ക് ലേലം കൊണ്ടത് ശ്രീ.മുഹമ്മദ് ഈസ, റജീന മൻസിൽ, പൂവച്ചൽ എന്ന വ്യക്തിയാണ്. പ്രസ്തുത ലേലത്തിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.1996 ലെ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ 3(1) പ്രകാരം നിഷ്കർഷിക്കുന്ന കരാറിൽ ലേലം കൊണ്ട വ്യക്തിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല.

2.ലേല വ്യവസ്ഥകൾ പ്രകാരം 10000/-രൂപയ്ക്ക് മുകളിൽ ലേല തുക വരുന്ന ഇനങ്ങൾക്ക് ഗഡുക്കളായി ലേല തുക ഒടുക്കുന്നവർ ലേലം പിടിച്ച തുകയുടെ ഇരട്ടി തുകയ്ക്ക് സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന് ലേല നോട്ടീസിൽ വ്യവസ്ഥ ചെയ്തുവെങ്കിലും അത്തരത്തിൽ ലേലക്കാരനിൽ നിന്നും സോൾവെൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

3.ലേല വ്യവസ്ഥകൾ പ്രകാരം ലേല തുകയുടെ നാലിൽ ഒരു ഭാഗം ലേല സമയത്തും ബാക്കി തുകകൾ ജൂൺ, സെപ്തംബർ, ഡിസംബർ എന്നീ മാസങ്ങളിൽ 10- ാം തീയതിയ്ക്ക് മുമ്പായി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം 20ാം തീയതിയ്ക്കകം പിഴ പലിശയുൾപ്പടെ അടയ്ക്കേണ്ടതാണ്. എന്നാൽ ലേലക്കാരൻ തുക അടവാക്കിയിരിക്കുന്നത് ചുവടെ ചേർക്കും പ്രകാരമാണ്.

31.03.2018 ൽ 5000/-രൂപ നിരതദ്രവ്യം(ലേലം നടന്ന ദിവസം)

04.05.2018 ൽ 50000/-രൂപ

04.07.2018 ൽ 25000/-രൂപ

ആകെ 80000/-രൂപ

ബാക്കി തുകയായ 232500/- രൂപയും പിഴയും ഈടാക്കുവാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറി നം 10 നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. ലേല തുക ഒടുക്കുവാനായി 10.12.2108ലും 20.05.2019 ലും നോട്ടീസുകൾ അയച്ചുവെങ്കിലും തുക ഒടുക്കുന്നതിനായി യാതൊരു നടപടിയും ലേലക്കാരന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. സോൾവെൻസി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ പ്രസ്തുത തുക ലേലക്കാരനിൽ നിന്നും ഈടാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. പ്രസ്തുത തുക പഞ്ചായത്ത് സെക്രട്ടറിയുടെ ബാധ്യതയായി നിർണയിക്കുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പഞ്ചായത്ത് ഓഫീസിന് അധികസൗകര്യം ലഭ്യമാക്കൽ - 3,31,513/-രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ISO സർട്ടിഫിക്കേഷൻ - പഞ്ചായത്ത് ഓഫീസിന് അധിക ഭൗതിക സൗകര്യം നൽകൽ |
| പ്രോജക്ട് നമ്പർ | SO 169/19 |
| അടങ്കൽ തുക | 26,86,531/- |
| ചെലവ് തുക | 25,10,082/- |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെക്ക് നമ്പരുകൾ | 784482/13.07.2018<br>283127/01.11.2018 |

മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 22.06.2018ലെ സാധാരണ മീറ്റിംഗിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് ഫർണിഷിംഗ്, ആധുനികവൽക്കരണം തുടങ്ങിയവ) ഒരുക്കുന്നതിന്റെ നോഡൽ ഏജൻസിയായി പരിഗണിച്ചിട്ടുള്ള കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് അംഗീകരിച്ചു. സിവിൽ പ്രവൃത്തികളും സാധനസാമഗ്രികളുടെ വാങ്ങലുകളും ഉൾപ്പെട്ട പദ്ധതിയാണിത്. പദ്ധതി നടത്തിപ്പിന്റെ ലഭ്യമാക്കിയ രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന വിശകലനങ്ങളിൽ എത്തുന്നു.

1. 31.03.2017 മുതൽ 3 വർഷ കാലയളവിലേക്ക് ISO സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള പഞ്ചായത്ത്, ISO സർട്ടിഫിക്കേഷൻ ലഭ്യമാകുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നോഡൽ ഏജൻസിയായ KADCOയെ ഈ പദ്ധതി ഏൽപ്പിച്ചത് നിലവിലുള്ള ടെണ്ടർ സംവിധാനങ്ങളേയും പ്രൊക്യൂർമെന്റ് നിയമങ്ങളേയും മറികടന്നുകൊണ്ടാണ്.
2. കോൺഫറൻസ് ഹാൾ വെട്രിഫൈഡ് ടൈൽ പാകി ഭംഗിയാക്കിയിട്ടുള്ളതാണ്. എന്നിട്ടും മോടി പിടിപ്പിക്കാനായി ടൈലിനു മുകളിൽ പശ ഉപയോഗിച്ച് ഫ്ലോർ മാറ്റ് ഒട്ടിച്ചതിലൂടെ 2,21,200/-രൂപയുടെ അനാവശ്യ ചെലവുണ്ടാക്കി. ടൈലിനു മുകളിൽ മാറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത, പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ട വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തിട്ടില്ല.
3. കോൺഫറൻസ് ഹാളിൽ അധ്യക്ഷ സ്ഥാനത്തിന് എതിർവശത്ത് സ്ഥാപിച്ച 75ചതുരശ്ര അടിയിലുള്ള കണ്ണാടിയുടെ ആവശ്യകത ബോധ്യപ്പെടുത്താൻ നിർവഹണ ഉദ്യോഗസ്ഥക്കു കഴിഞ്ഞിട്ടില്ല. 42,480/-രൂപ ചെലവഴിച്ച ഈ പ്രവൃത്തി തികച്ചും അനാവശ്യമാണ്.
4. പഞ്ചായത്ത് കെട്ടിടത്തിന്റെ ഏറ്റവും മുകളിലെ നിലയിലുള്ള കോൺഫറസ് ഹാളിന്റെ ഫാൾസ് സീലിംഗ് നിർമ്മിച്ചപ്പോൾ, സീലിംഗ് ഷീറ്റിന്റെ നിറം ഹാളിന് അനുകൂലമായി തിരഞ്ഞെടുക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന് ഭരണസമിതി വിലയിരുത്തികൊണ്ട് ഷീറ്റിൽ അനുയോജ്യ നിറത്തിലുള്ള പെയിന്റ് ചെയ്യുന്നതിനും ഈ പദ്ധതി ഉപയോഗിച്ചു. 67,833/-രൂപയുടെ അനാവശ്യ ചെലവാണ് ഇതിലൂടെ ഉണ്ടായത്.

പദ്ധതി ചെലവുതുകയുടെ 60%ത്തോളം സിവിൽ പ്രവൃത്തികളായിരുന്നിട്ടും ഒരു ഘട്ടത്തിൽ പോലും എൻജിനീയറിംഗ് വിഭാഗത്തെ ഉൾപ്പെടുത്താത്തതിനാലും സാധന സാമഗ്രികൾ വാങ്ങുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി ഉൾപ്പെടാത്തതിനാലും സാങ്കേതിക വിദഗ്ദരുടേയും പ്രഗത്ഭരുടെ നിർദ്ദേശങ്ങളുടേയും അഭാവം പദ്ധതിയെ ബാധിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ഭരണസമിതിയോട് ചൂണ്ടിക്കാണിക്കുവാൻ പ്ലാൻ കോർഡിനേറ്ററെന്ന നിലയിലും നിർവഹണ ഉദ്യോഗസ്ഥ എന്ന നിലയിലും സെക്രട്ടറിക്ക് കഴിഞ്ഞിട്ടില്ല. ഈ വിഷയങ്ങൾ ഉൾപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടിയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തതായി പറയുന്നുണ്ടെങ്കിലും രേഖകൾ ഹാജരാക്കുവാൻ കഴിഞ്ഞിട്ടില്ല. 2007ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട അധികാരങ്ങളും ഉദ്യോഗസ്ഥൻമാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം തെറ്റായ തീരുമാനം എടുക്കുന്നതിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൂട്ടായ ബാധ്യതയുണ്ട്. ഫ്ലോർ മാറ്റ്, കണ്ണാടി എന്നിവ സ്ഥാപിച്ചതിലൂടെയും ദീർഘവീക്ഷണമില്ലാത്തതിലൂടെ നടത്തേണ്ടിവന്ന പെയിന്റിംഗിലൂടെയും ഉണ്ടായ അനാവശ്യ ചെലവുകൾക്ക് ഭരണസമിതിയും സെക്രട്ടറിയും ഉത്തരവാദികളാണ്. അനാവശ്യമായി ചെലവഴിച്ച 3,31,513/-രൂപ നിരാകരിക്കുന്നു.

## 3-2 ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം-സ്ട്രക്ച്ചറൽ ഡിസൈൻ- തുക നൽകിയതിലെ അപാകങ്ങൾ 314895/- രൂപ നിരാകരിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ /തീയതി |
|---|---|---|---|
| 1. SO 173/17-18 | 700000 | 582500 | 15/3/18 |
| 2.SO 146/18-19 | 1175000 | - | - |
| 3.SO48/18-19 | 975000 | 314895 | 50/30.3.19(Queue) |

| | |
|---|---|
| പദ്ധതിയുടെ പേര് | Shopping complex structural design and soil test |
| ഫണ്ട് | വികസന ഫണ്ട് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | വികസനകാര്യം |
| എം.ബുക്ക് നമ്പർ | 1/18-19 |
| TS NO: | ലഭ്യമായിട്ടില്ല |
| SoR | DSR-2016 |
| Cost Index | 44.12% |
| നിർവഹണം | അസി.എഞ്ചിനീയർ |
| ഓഡിറ്റ് എൻക്വയറി | 14 |

1. വെള്ളനാട് വില്ലേജിൽ സർവേ നമ്പർ 494/8 പ്രകാരം ഉള്ള പഞ്ചായത്ത് വക സ്ഥലത്ത് KURDFCയിൽനിന്ന് ലോൺ എടുത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നതിന് 2017-18 വർഷത്തിൽ ഡി.പി.സി അംഗീകാരം ലഭിച്ചതിനെത്തുടർന്ന് GITPAC Inter national എന്ന സ്ഥാപനത്തെ സ്ട്രക്ച്ചറൽ ഡിസൈൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുന്നതിനായി 13/12/17 ലെ ഭരണസമിതി തീരുമാനം 10(1) പ്രകാരം അംഗീകരിച്ചിരുന്നു. തുടർന്ന് 17-18 ലെ SO 173/17-18 നമ്പർ ആയി 700000/- രൂപ അടങ്കൽ നിശ്ച്ചയിച്ച് അംഗീകാരം ലഭിച്ച പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി കരാർ ഒപ്പിടുന്നതിനും പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനും 22.1.18 ലെ (16) ഭരണസമിതി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഡി.പി.സി അംഗീകാരം ലഭ്യമാകുന്നതിനായി അടങ്കൽ തുക അംഗീകരിക്കുന്നതിന് ആവശ്യമായ പ്രാഥമിക എസ്റ്റിമേറ്റ്

തയ്യാറാക്കാതെയാണ് അടങ്കൽ തുക നിശ്ചയിച്ചത് എന്നു കാണുന്നു. തദ്ദേശസ്ഥാപനത്തിന് സ്വന്തമായി എഞ്ചിനീയറിങ്ങ് വിങ്ങ് ഉണ്ടായിരിക്കെ 22/1/2018 ലെ ഭരണസമിതിയുടെ4(16) നമ്പർ തീരുമാനപ്രകാരം ഏജൻസിയുമായി കരാർ ഒപ്പിടുന്നതിനും പ്രോജക്ട് റിപ്പോർട്ട് എസ്റ്റിമേറ്റ് , ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയത് ക്രമവിരുദ്ധമായ പ്രവൃത്തിയാണ്.

2. ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണത്തിന് സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് സ്വകാര്യ ഏജൻസിയായ GITPAC – നെ തെരഞ്ഞെടുത്തത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.എന്നാൽ ഇപ്രകാരം തെരഞ്ഞെടുത്തതിന്റെ കാരണം, നടപടിക്രമങ്ങൾ എന്നിവ വിശദീകരിക്കുന്നതിന് നൽകിയ എൻക്വയറിക്ക് ബഹുനില ഷോപ്പിങ്ങ് കോംപ്ലക്സ് സമുച്ചയം നിർമ്മിക്കുന്നതിന് സാങ്കേതിക സൗകര്യങ്ങൾ ആവശ്യമായതിനാലാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തന പാരമ്പര്യം, നൈപുണ്യം എന്നിവയൊന്നും തന്നെ വിശകലനം ചെയ്തിട്ടില്ല.

3. 2012 ലെകേരള പൊതുമരാമത്തു മാന്വൽ സെക്ഷൻ 1601.1.1 ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയറുടെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള പ്രാഥമിക എസ്റ്റിമേറ്റിന്റെ പിൻബലമില്ലാതെ സ്ഥാപനം നൽകിയ കണക്കിൽ എസ്റ്റിമേറ്റ് തുക 10 കോടിയായി നിജപ്പെടുത്തി ആയതിന്റെ 2.33 % തുക ഏജൻസിക്ക് നൽകുന്നതിന് ഏജൻസിയുമായി കരാർ ഒപ്പിട്ടു.

4. തദ്ദേശസ്ഥാപനവും ഏജൻസിയായ GITPAC മായി ചമച്ചിട്ടുള്ള 22.2.2018 ലെകരാറിൽ യാതൊരു അംഗീകൃത എസ്റ്റിമേറ്റിന്റെയും അടിസ്ഥാനത്തിലല്ലാതെ total project cost 10 crores എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനനുസരിച്ചാണ് കരാർ പ്രകാരമുള്ള ആദ്യഗഡുവായ **582500/-രൂപ** നൽകിയത്. എന്നാൽ ഫയൽ നമ്പർ A2/201/18 പ്രകാരം 6.3.18 ലെ സെക്രട്ടറിയുടെ അസി. എഞ്ചിനീയർക്കുള്ള കത്തിൽ നിലവിൽ 5 കോടിയായി അംഗീകരിച്ച പദ്ധതി 10 കോടിയായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട് എന്നറിയിച്ചതിനെ ത്തുടർന്ന് 7.3.18 ലെ കത്തു മുഖേന നിലവിലെ 5കോടി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതി 10 കോടിയായി ഉയർത്താൻ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കണമെന്നും എങ്കിൽ മാത്രമേ ആയതിന്റെ 2.33% ആദ്യഗഡു നൽകാൻ കഴിയുകയുള്ളൂ എന്നും അസി.എഞ്ചിനീയർ വിയോജനക്കുറിപ്പ് നൽകിയിരുന്നു.എന്നാൽ24.2.18ലെ കത്തിൽ സ്ഥാപനം മുന്നോട്ട് വച്ച നിർദ്ദേശപ്രകാരം പ്രോജക്ട് തുക 5 കോടിയിൽനിന്ന് 10 കോടിയായി ഉയർത്തുന്നതിനും ആയതിന്റെ 2.33 % തുക ഏജൻസിക്ക് നൽകുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറുടെ വിയോജനക്കുറിപ്പ് നിലനിൽക്കെ തന്നെ 9.3.18 ലെ 5(1) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചത് ക്രമ വിരുദ്ധമാണ് . സാങ്കേതികതയുടെ അടിസ്ഥാനത്തിൽ എഞ്ചിനീയർ നിർദ്ദേശിച്ച വസ്തുതകൾ കണക്കിലെടുക്കാതെ സ്വകാര്യ സ്ഥാപനം ആവശ്യപ്പെട്ടതനുസരിച്ചാണ് ആദ്യഗഡു തുക നൽകിയത്.

എന്നാൽ സ്ഥാപനം 10.7.18 ലെ കത്തു മുഖേന എസ്റ്റിമേറ്റ് തുക 63287664/- ആണെന്നും അതിന്റെ 2.33% ആണ് നൽകേണ്ടതെന്നും അറിയിച്ചുവെങ്കിലും 7/18ൽ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് 73250266/- രൂപക്കുള്ള എസ്റ്റിമേറ്റാണ്. തുടർന്ന് 27.11.18ൽ സ്ഥാപനം എസ്റ്റിമേറ്റ് തുക 91603812/- ആണെന്നും ആയതിന്റെ 2.33% ആയ 2134309/- കൺസൾട്ടൻസി ഫീസ് ആയി നൽകണമെന്നും ആവശ്യപ്പെട്ടു.ഏത് അംഗീകൃത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ നിരവധി തവണ തുകകൾ മാറ്റിയതെന്നോ പഞ്ചായത്ത് ആദ്യഗഡു തുക നൽകിയത് എന്നോ വിശദീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത തുക നൽകിയതിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

5. 2012 ലെകേരള പൊതുമരാമത്തു മാന്വൽ സെക്ഷൻ 2112 പ്രകാരം സമയം കരാറിന്റെ എസ്സൻസാണ്. GITPACമായിചമച്ചിട്ടുള്ള കരാറിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് രേഖപ്പെടുത്തിയിട്ടില്ല. കാലാവധി ദീർഘിപ്പിക്കൽ അനുമതി ലഭ്യമാകാത്ത പക്ഷം പിഴയീടാക്കുക തുടങ്ങിയ നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല.

6. 2017-18 ൽ ആരംഭിച്ച പ്രോജക്ടിൽ 18-19 ൽ 7/18 ൽ മാത്രമാണ് സ്ഥാപനം എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചത്. എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി സമർപ്പിച്ചതിനെത്തുടർന്ന് 11.6.19 ലെ

DBI/4580/19/CE/LSGD നമ്പർ കത്തിൽ LSGD CE എസ്റ്റിമേറ്റിലേയും സോയ്ൽ റിപ്പോർട്ടിലേയും അപാകതകൾ ചൂണ്ടിക്കാട്ടി തിരിച്ചയച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് സ്ഥാപനത്തെ പ്രസ്തുത വിവരങ്ങൾ അറിയിച്ച് തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാൻ തദ്ദേശസ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

7. 30.3.19 ലെ 50 നമ്പർ ബിൽ പ്രകാരം (QUEUE-5.4.19)രണ്ടാം ഗഡു ആയി ആവശ്യപ്പെട്ട തുകയിൽ സെക്രട്ടറിയുടെ 2/5/19 ലെ A2/132/19നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 314895/- രൂപ കൊടുത്തു. എന്നാൽ 23.2.18 ലെ കരാർ പ്രകാരം രണ്ടാംഗഡുവായ 50% തുക നൽകേണ്ടത് കരട് DPR തദ്ദേശസ്ഥാപനം അംഗീകരിക്കുന്ന മുറക്കാണ് (2nd instalment on the submission of the Draft DPR and subsequent acceptance by the client എന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്). അപാകങ്ങൾ നിറഞ്ഞതും സ്ഥാപനം അംഗീകരിക്കാത്തതുമായ കരട് പ്രോജക്ട് റിപ്പോർട്ടിന് രണ്ടാംഗഡു തുക നൽകിയത് അംഗീകരിക്കാൻ കഴിയില്ല ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണപ്രോജക്ട് നടപ്പിലാക്കുന്നതിനായി തുടർ പ്രോജക്ടുകളൊന്നും 2019-20 വർഷത്തിൽ വിഭാവനം ചെയ്തിട്ടില്ല. ഫലത്തിൽ പ്രോജക്ട് തുടർന്ന് നടപ്പിലാക്കപ്പെടുമോ എന്നതിൽ തന്നെ ഫയലിൽവ്യക്തതയില്ല.

മേൽ പ്രോജക്ടിന്റെ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ വിശദാംശങ്ങൾ അടിയന്തിരമായി ഓഡിറ്റിനെ അറിയിക്കേണ്ടതും ചെലവഴിച്ച തുകയുടെ ആധികാരികത വിശദമാക്കേണ്ടതുമാണ്. കരാറിന് വിരുദ്ധമായി നല്കിയ രണ്ടാം ഗഡു തുക 314895/- രൂപ നിരാകരിക്കുന്നു.

# 3-3 വനിതകൾക്ക് യോഗ പരിശീലനം പദ്ധതി - 41333/- രൂപ നിരാകരിക്കുന്നു, 40000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | വനിതകൾക്ക് യോഗ പരിശീലനം |
| പദ്ധതി നമ്പർ | S0033/19 |
| അടങ്കൽ | 150000/- രൂപ |
| ഫണ്ടിനം | വികസനഫണ്ട്, പൊതുവിഭാഗം |
| ചെലവ് | 150000/- രൂപ |
| ബിൽ നം./ തീയതി | 5/18- 19 – 93000/- 02.03.2019<br>6/19 – 57000/- 02.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ആയുർവ്വേദ മെഡിക്കൽ ഓഫീസർ |

പഞ്ചായത്ത് പരിധിയിലെ വനിതകളുടെ ആരോഗ്യ പദ്ധതിയായി പരമാവധി 100 വനിതകൾക്ക് യോഗ പരിശീലനം നല്കാനാണ് 150000/- രൂപ അടങ്കലിൽ ഈ പദ്ധതി രൂപവത്ക്കരിച്ചത്. ശാന്തി യോഗ എന്ന സ്ഥാപനം മുഖേനയാണ് ഈ പദ്ധതി നടപ്പാക്കിയത്.ശാന്തിയോഗ പ്രവൃത്തി നിർവ്വഹിക്കുകയും മേൽ പട്ടികയിലെ ബില്ലുകൾ പ്രകാരം പദ്ധതി നിർവ്വഹണ ശേഷം പഞ്ചായത്ത് ശാന്തിയോഗയ്ക്ക് തുക കൊടുക്കുകയുമാണ് ചെയ്തിട്ടുള്ളത്. ചുവടെപ്പറയുന്ന അപാകങ്ങൾ ഈ പദ്ധതി നടത്തിപ്പിൽ ഉണ്ടായി.

1. 03.10.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3190/2017/തസ്വഭവ പ്രകാരം യോഗാപരിശീലനം നടത്തുന്നതിന് പരിശീലകർക്ക് പ്രതിദിനം 400/- രൂപ ക്രമത്തിൽ പ്രതിമാസം പരമാവധി 12000/- രൂപ ഓണറേറിയം നല്കുന്നതിന് അനുമതി ഉണ്ട്. ഹാജർ പുസ്തകം പ്രകാരം ആകെ 54 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. 48000/- രൂപയാണ് പരിശീലകർക്ക് നല്കിയത് (12000 x 4 = 48000/-). രാവിലെയും വൈകുന്നേരവും ഒരേ പരിശീലകനെ ഉപയോഗിക്കാതെ വ്യത്യസ്തരായ പരിശീലകരുടെ സേവനം ഉപയോഗിച്ചതിനാലാണ് 36000/- രൂപ അധികം നല്കേണ്ടി വന്നത്. എന്നാൽ ഈ തുകകൾ നാല് വ്യത്യസ്ത അദ്ധ്യാപകർക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ആവശ്യമായ ബാങ്ക് രേഖകളോ ബന്ധപ്പെട്ടവരുടെ കൈപ്പറ്റ് രസീതോ ശാന്തിയോഗ ഹാജരാക്കിയിട്ടില്ല.

3. 11.02.2019 ന് രേവതി കളർ പ്രിന്റേഴ്സിൽ നിന്ന് 150 നോട്ടീസ് (A4 single colour)അച്ചടിച്ചതിന് 400/- രൂപ ചെലവായി. എന്നാൽ 13.01.2019 ൽ സ്വാബിൻ കമ്പ്യൂട്ടേഴ്സ് & പെർഫക്ട് ബൈൻഡേഴ്സിൽ നിന്ന് 250 നോട്ടീസ് (A4 single colour)അച്ചടിച്ചതിന് 5000/- രൂപ ചെലവായി. രേവതി കളർ പ്രിന്റേഴ്സിൽ നിന്ന് അച്ചടച്ച150 നോട്ടീസിന്റെ ചെലവ് ആധാരമാക്കി കണക്കാക്കിയാൽ 250 നോട്ടീസിന് 667/- രൂപ മാത്രമേ ചെലവാകുകയുള്ളൂ. ഈ ഇനത്തിൽ 4333/- രൂപ അധിക ചെലവുണ്ടായി.

3. നിർവ്വഹണ ഉദ്യോഗസ്ഥ നിർവ്വഹിക്കേണ്ട ചുമതലകൾ യോഗ പരിശീലന സ്ഥാപനത്തെ ഏർപ്പെടുത്തി കോർഡിനേഷൻ ചാർജ്ജ് എന്ന പേരിൽ 6000/- രൂപ ചെലവാക്കിയത് അനാവശ്യമാണ്.

4. V.S ആഡിറ്റോറിയം & കല്ല്യാണമണ്ഡപത്തിന് വാടകയിനത്തിൽ 25000/- രൂപ കൊടുത്തു.കൂടാതെ ക്ളീനിംഗ് ചാർജ്ജിനത്തിൽ 6000/- രൂപ ചെലവായി. യോഗപരിശീലനം നടന്നുവെന്ന് പറയുന്ന v s ആഡിറ്റോറിയം & കല്ല്യാണമണ്ഡപത്തിലെ പരിശീലന സ്ഥലം വൃത്തിയാക്കാനാണ് ഈ തുക ചെലവാക്കിയത്. എന്നാൽ മേൽ സൂചിതമായ സ്ഥാപനത്തിൽ ഇത്തരമൊരു പരിശീലന പരിപാടി നടന്നിട്ടില്ലെന്ന് 31.10.2019 ന് സ്ഥാപനത്തിന്റെ മാനേജർ കത്ത് മുഖേന ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

5. v s ആഡിറ്റോറിയം & കല്ല്യാണമണ്ഡപത്തിന് വാടകയിനത്തിൽ 25000/- രൂപ കൊടുത്തു എന്ന് സ്ഥാപിക്കാൻ ആ സ്ഥാപനത്തിന്റെ വൗച്ചറിനെ രസീതാക്കി മാറ്റി കാണിച്ചിരിക്കുന്നു. ഈ ചെലവ് വ്യാജമാണെന്ന് ഖണ്ഡിക 5 ൽ നിന്ന് വ്യക്തമാണ്.

6. 17.01.2019-ന് ഗ്ളോബൽ കളക്ഷൻസിൽ നിന്ന് 4000/-രൂപ ചെലവിൽ രണ്ട് വൈറ്റ് ബോർഡ് വാങ്ങിയത് സ്റ്റോക്കിലില്ല. പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു.

7. ഹാജർ പ്രകാരം 54 പേർ ഉണ്ടായിരുന്നുവെങ്കിലും 30 പേർക്ക് മാത്രമാണ് ട്രെയിനിംഗ് മാന്വൽ കൊടുത്തത്.

8. പരിശീലന പരിപാടിയുടെ സമാപനത്തിൽ പരിശീലനത്തിൽ പങ്കെടുത്തവർക്ക് ശാന്തിയോഗ 200 മണിക്കൂർ ദൈർഘ്യമുള്ള യോഗ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് സർട്ടിഫിക്കറ്റ് നല്കി. എന്നാൽ 30 ദിവസം കൊണ്ട് ഇത്രയും സമയത്തെ പരിശീലനം പൂർത്തിയാക്കാൻ രാവിലെയോ വൈകിട്ടോ മാത്രം ഉള്ള ക്ളാസ്സ് കൊണ്ട് സാധിക്കില്ല. പരിശീലന സ്ഥാപനങ്ങളെയും അദ്ധ്യാപകരെയും തെരഞ്ഞെടുക്കുമ്പോൾ ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതാണ്.

9. കൃത്യമായി നിർവ്വഹണം നടത്തിയിരുന്നുവെങ്കിൽ 100 വനിതകൾക്ക് ലഭിക്കുമായിരുന്ന സേവനമാണ് ബന്ധപ്പെട്ടവരുടെ ഉദാസീനതകാരണം 54 പേരിൽ മാത്രമായി ചുരുങ്ങിയതും നിരവധി പാഴ്ച്ചെലവുകളിലേക്ക് വഴിമാറിയതും.

മേൽ കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 34/30.10.2019ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക 1,2,7 എന്നിവയിലെ ചെലവുകളുടെ ആധികാരികത വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. V.S ആഡിറ്റോറിയം & കല്ല്യാണമണ്ഡപത്തിന്റെ വൗച്ചർ താനാണ് കൊടുത്തത് എന്ന് പഞ്ചായത്ത് കമ്മിറ്റി അംഗം എക്സിറ്റ് മീറ്റിംങിൽ വെളിപ്പെടുത്തി.വിവിധ ആവശ്യങ്ങൾക്കായി ചെലവാക്കിയ തുകകളുടെ മേൽ സൂചിതമായ ചെലവുരേഖകളുടെ ആധികാരികത ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. വിവിധ ബില്ലുകൾ വ്യാജമാണെന്നതിനാൽ ഇക്കാര്യത്തിൽ തുടരന്വേഷണം ആവശ്യമുണ്ട്. വ്യാജ ബില്ലുകൾ ഹാജരാക്കിയിട്ടുണ്ട് എന്ന വ്യക്തമായ സാഹചര്യത്തിൽ 2018 – 19 വർഷം പഞ്ചായത്തിൽ നടന്ന മുഴുവൻ ചെലവുരേഖകളും വീണ്ടും പരിശോധിച്ച് ആധികാരികത ഉറപ്പുവരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഈ പദ്ധതിയുടെ പേരിൽ ചെലവാക്കിയ തുകകളുടെ കൃത്യത വിലയിരുത്താനായ തുകകൾ- വാടകയിനത്തിലെ 25000/- രൂപ, നോട്ടീസിനത്തിൽ ചെലവായ അധിക തുകയായ 4333/- രൂപ, ക്ളീനിംഗിനത്തിലെ ചെലവായ 6000/- രൂപ, കോർഡിനേഷൻ ചാർജ്ജായ 6000/- രൂപ - (ആകെ 41333/-

രൂപ) നിരാകരിക്കുന്നു. ഈ തുക ശാന്തിയോഗയിൽ നിന്നും ഈടാക്കി ഓഡിറ്റ് റിക്കവറിയായി സംസ്ഥാന കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടയ്ക്കാൻ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തുന്നു.

കൂടാതെ ഖണ്ഡിക 1 പ്രകാരം അദ്ധ്യാപകർക്ക് കൊടുത്ത 36000/- രൂപ (3 അദ്ധ്യാപകരുടെ ഓണറേറിയം), ഖണ്ഡിക 7 ലെ വൈറ്റ് ബോർഡിന്റെ ചെലവായ 4000/- രൂപ എന്നീ തുകകളുടെ സാധുത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആകെ 40000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാവിയിൽ വിവിധ സേവനങ്ങൾ ലഭ്യമാക്കാൻ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുമ്പോഴും ചെലവുരേഖകൾക്ക് അംഗീകാരം നല്കുമ്പോഴും ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതും നിയമം അനുശാസിക്കുന്ന വിധത്തിൽ മാത്രം ചെലവുകൾ നിർവ്വഹിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഏറ്റവും കുറഞ്ഞ ചെലവിൽ പരമാവധി ആളുകൾക്ക് പരമാവധി ഗുണം കിട്ടുന്ന തരത്തിൽ പദ്ധതികൾ നടത്താൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതും ഇക്കാര്യം മോണിറ്റർ ചെയ്യാൻ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും പഞ്ചായത്ത് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 വാഹനങ്ങൾ വാടകയ്ക്കെടുക്കൽ - അപാകങ്ങൾ അധികച്ചെലവായ 92538/-രൂപ നിരാകരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മൂന്നു വാഹനങ്ങളാണുള്ളത്. KL21D7552 എന്ന വാഹനമാണ് യാത്രാ വാഹനമായിട്ടുള്ളത് ബാക്കിയുള്ള രണ്ട് വാഹനങ്ങൾ ചപ്പു ചവറുകൾ നീക്കം ചെയ്യാനുള്ളവയാണ്. ഒരു സ്ഥിരം ഡ്രൈവറും രണ്ടു താൽക്കാലിക ഡ്രൈവറുമാണ് ഉള്ളത്. പഞ്ചായത്ത് ഫണ്ടിന്റെ ചെലവു വൗച്ചറുകളുടെ പരിശോധനയിൽ വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന പല സാഹചര്യങ്ങളിലും പൊരുത്തക്കേടുകളും തത്ഫലമായി താഴെ പറയും വിധം അധികച്ചെലവും ഉണ്ടായതായികാണുന്നു.

- **സ്ഥിരം ഡ്രൈവറുടെ അഭാവത്തിലെ വാഹന ഉപയോഗം**

  സ്ഥിരം ഡ്രൈവറുടെ അവധി ദിനങ്ങളിൽ ഔദ്യോഗിക വാഹനത്തിലേയ്ക്കായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുന്നതിനു പകരം ടാക്സി വാടകയ്ക്കെടുത്തിട്ടുള്ളത് അധിക ചെലവുണ്ടാക്കി.

  ഉദാ: Vr.No.97/01/19, തുക 5000/- 2 ദിവസത്തെ ടാക്സി ഉപയോഗിക്കുന്നതിന് മിനിമം തുകയെന്ന നിലയിൽ 2500/-രൂപ ക്രമത്തിൽ ആണ് തുക ചെലവഴിച്ചിട്ടുള്ളത്. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ഡ്രൈവറുടെ വേതനം 685/-രൂപയാണ്. 30 കി.മീ. മാത്രമാണ് യാത്ര നടത്തിയിട്ടുള്ളത്.

- **ഔദ്യോഗിക വാഹനത്തിന്റെ അഭാവത്തിലെ ടാക്സിയുടെ ഉപയോഗം**

  ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ ദിവസങ്ങളിൽ വാടകയ്ക്ക് എടുത്തിട്ടുള്ള ടാക്സികൾക്ക് അധികനിരക്ക് നൽകിയിട്ടുണ്ട്.

  ഉദാ: Vr.No.230/03/19 തുക 2,0000/-

2,500/-രൂപ വീതമുള്ള 8ദിവസത്തെ ബില്ലുകളാണിത്. G.O.(P)45/2018/trans. Dtd. 11.12.2018 പ്രകാരം 1500 Ccയിൽ കൂടുതലുള്ള വാഹനങ്ങൾ വാടകയ്ക്ക് ലഭ്യമാകുമ്പോൾ മിനിമം ചാർജ്ജ് (5കി.മീ) തുക 200/-ഉം അധികമായി വരുന്ന കിലോമീറ്ററിന് 17/-രൂപ നിരക്കിലും നൽകാവുന്നതാണ്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായതിനേക്കാൾ കൂടുതൽ തുകകളാണ് യാത്രകൾക്ക് നൽകിയിരിക്കുന്നത്.

വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പട്ടിക താഴെ

| ക്രമ നം. | വൗച്ചർ നം., മാസം | ചെക്ക്നം., തീയതി, തുക | വാഹനം | തീയതി | കി. മീ. | നല്കിയ തുക | നല്കേണ്ടിയിരുന്ന തുക | അധികം കൊടുത്ത തുക |
|---|---|---|---|---|---|---|---|---|
| 1 | 230, 03/19 | 583952/ 27.03.19, 20000 | കെ.എൽ 22എഫ് 203 | 08.03.19 | 45 | 2500 | 880 | 1620 |
| 2. | 230, 03/19 | 583952/ 27.03.19, 20000 | കെ.എൽ 22എഫ് 203 | 11.03.19 | 40 | 2500 | 795 | 1705 |
| 3 | 230, 03/19 | 583952/ 27.03.19, 20000 | കെ.എൽ 22എഫ് 203 | 12.03.19 | 47 | 2500 | 914 | 1586 |
| 4 | 230, 03/19 | 583952/ 27.03.19, 20000 | കെ.എൽ 22 എഫ് 203 | 14.03.19 | 44 | 2500 | 863 | 1637 |
| 5 | 230, 03/19 | 583952/ 27.03.19, 20000 | കെ.എൽ 22 എഫ് 203 | 18.03.19 | 44 | 2500 | 863 | 1637 |
| 6 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 14.02.19 | 95 | 2500 | 1730 | 770 |
| 7 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 15.02.19 | 117 | 2500 | 2014 | 486 |
| 8 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 16.02.19 | 110 | 2500 | 1985 | 515 |
| 9 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 18.02.19 | 112 | 2500 | 2019 | 481 |
| 10 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 19.02.19 | 112 | 2500 | 2019 | 481 |
| 11 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 20.02.19 | 96 | 2500 | 1747 | 753 |
| 12 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 21.02.19 | 98 | 2500 | 1781 | 719 |
| 13 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 22.02.19 | 107 | 2500 | 1934 | 566 |
| 14 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 23.02.19 | 103 | 2500 | 1866 | 634 |
| 15 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 25.02.19 | 108 | 2500 | 1951 | 549 |
| 16 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 26.02.19 | 101 | 2500 | 1832 | 668 |
| 17 | 160, 03/19 | 583918, 12.03.19, 45000 | കെ.എൽ 22 എഫ് 203 | 27.02.19 | 92 | 2500 | 1679 | 821 |
| 18 | 160, | 583918, | കെ.എൽ 22 | 28.02.19 | 104 | 2500 | 1883 | 617 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 03/19 | 12.03.19,<br>45000 | എഫ് 203 | | | | | |
| 19 | 160,<br>03/19 | 583918,<br>12.03.19,<br>45000 | കെ.എൽ 22<br>എഫ് 203 | 01.03.19 | 86 | 2500 | 1577 | 923 |
| 20 | 160,<br>03/19 | 583918,<br>12.03.19,<br>45000 | കെ.എൽ 22<br>എഫ് 203 | 02.03.19 | 80 | 2500 | 1475 | 1025 |
| 21 | 160,<br>03/19 | 583918,<br>12.03.19,<br>45000 | കെ.എൽ 22<br>എഫ് 203 | 05.03.19 | 89 | 2500 | 1628 | 872 |
| 22 | 160,<br>03/19 | 583918,<br>12.03.19,<br>45000 | കെ.എൽ 22<br>എഫ് 203 | 06.03.19 | 80 | 2500 | 1475 | 1025 |
| 23 | 160,<br>03/19 | 583918,<br>12.03.19,<br>45000 | കെ.എൽ 22<br>എഫ് 203 | 07.03.19 | 89 | 2500 | 1628 | 872 |
| 24 | 97,<br>01/19 | 348179,<br>18.01.19,<br>5000 | KL17<br>K7771 | 16.01.19<br>17.01.19 | 30<br>30 | 5000 | 625<br>625 | 3750 |
| 25 | 28,<br>09/18 | 677413,<br>05. 09,18,<br>2500 | KL22<br>F203 | 29.08.18 | 65 | 2500 | 1220 | 1280 |
| 26 | 29,<br>09/18 | 677414,<br>05.09.18,<br>5000 | 1. KL17<br>K7771<br>2. KL17<br>K7771 | 30.8.18<br>30.8.18 | 70<br>60 | 5000 | 1305<br>1135 | 2560 |
| 27 | 30,9/18 | 677413,<br>6500 | KL22<br>F203 | 05.9.18 | 50+<br>24+<br>73 | 6500<br>01.9.18<br>-50km-<br>2500<br>02.9.18<br>24km-<br>1500<br>03.9.18<br>73km-<br>2500 | 965<br>523<br>1356 | 3656 |
| 28 | 123,<br>1/19 | 1348190,<br>28.1.19,<br>5000 | KL17<br>K7771 | 22.1.19<br>23.1.19 | 50<br>60 | 5000 | 965<br>1135 | 2900 |
| 29 | 54,<br>9/18 | 927242,<br>12.9.18,<br>12500 | KL22<br>F203 | 4.9.18<br>5.9.18<br>6.9.18<br>7.9.18<br>8.9.18 | 60<br>82<br>42<br>52<br>54 | 2500<br>2500<br>2500<br>2500<br>2500 | 965<br>1509<br>829<br>999<br>1033 | 7165 |
| 30 | 58,<br>9/18 | 927248,<br>19.9.18,<br>5000 | KL22<br>F203 | 11.9.18<br>12.9.18 | 72<br>63 | 2500<br>2500 | 1339<br>1186 | 2475 |
| 31 | 125,<br>9/18 | 927277,<br>27.9.18,<br>20000 | KL22<br>F203 | 17.9.18<br>18.9.18<br>19.9.18<br>20.9.18 | 62<br>102<br>70<br>49 | 2500<br>2500<br>2500<br>2500 | 1169<br>1849<br>1305<br>948 | 7187 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 21.9.18<br>22.9.18 | 55<br>81 | 2500<br>2500 | 1050<br>1492 | |
| 32 | 134,<br>2/19,<br>7000 | 348251,<br>25.2.19,<br>7000 | കെ.എൽ 7<br>എ.എ 4584 | 15.2.19 | 100 | 3500 | 1815 | 1685 |
| | 134,<br>2/19,<br>7000 | 348251,<br>25.2.19,<br>7000 | കെ.എൽ 7<br>എ.എ 4584 | 16.2.19 | 100 | 3500 | 1815 | 1685 |
| | 21801739,<br>2/19,<br>25000 | 348238<br>16 .2.19,<br>25000 | KL22<br>F203 | 4.2.19<br>5.2.19<br>6.2.19<br>7.2.19<br>8.2.19<br>9.2.19<br>10.2.19<br>11.2.19<br>12.2.19<br>13.2.19 | 94<br>87<br>91<br>103<br>91<br>96<br>125<br>117<br>80<br>116 | 25000 | 1713<br>1594<br>1662<br>1866<br>1662<br>1747<br>2240<br>2104<br>1475<br>2087<br>ആകെ<br>18150 | 6850 |
| | 21801763,<br>2./19,<br>2500 | 348244,<br>25.2.19,<br>2500 | KL22<br>F203 | 25.2.19 | 41 | 2500 | 812 | 1688 |
| | 21800369,<br>6/19,<br>1800 | 784372,<br>6.6.19,<br>1800 | KL22<br>F203 | 19.5.19 | 50 | 1800 | 965 | 835 |
| | | | | | | | | 64678 |

അധികം ചെലവായ തുക 64678/-രൂപ നിരാകരിക്കുന്നു

- യാത്ര നടത്തിയ വ്യക്തിയുടെ വിവരം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം നടത്തിയിട്ടുള്ള യാത്രകളുടെ ട്രിപ്പ് ഷീറ്റുകളുടെ പരിശോധനയിൽ എഞ്ചിനീയറിംഗ് വിഭാഗം ട്രിപ്പ് ഷീറ്റിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ Movement Register ഉം നടത്തിയ യാത്രകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഉദാ: വൗച്ചർ നം.230/03/19 തുക 20,000/-

13.03.20ൽ 45കി.മീ. ദൂരം സഞ്ചരിച്ച യാത്രയുടെ ട്രിപ്പ് ഷീറ്റിൽ LSGD വിഭാഗം യാത്ര ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ യാത്ര LSGD നടത്തിയിട്ടില്ലായെന്ന് Movement Register ഉം ഉദ്യോഗസ്ഥരും വ്യക്തമാക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ

| ക്രമ നം. | വൗച്ചർ നം., മാസം, തുക | ചെക്ക്നം, തീയതി, തുക | വാഹനം | തീയതി | കി മീ | നല്കിയ തുക | നല്കേണ്ടിയിരുന്ന തുക | അധികം കൊടുത്ത തുക |
|---|---|---|---|---|---|---|---|---|
| 1 | 230,<br>3/19, | 583952/<br>27.3.19, | കെ.എൽ 22<br>എഫ് 203 | 13.3.2019 | 45 | 2500 | 880 | 1620 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 20000 | 20000 | | | | | | |
| 2. | 230, 3/19, 20000 | 583952/ 27.3.19, 20000 | കെ.എൽ 22 എഫ് 203 | 15.3.19 | 43 | 2500 | 846 | 1654 |
| | 230, 3/19, 20000 | 583952/ 27.3.19, 20000 | കെ.എൽ 22 എഫ് 203 | 16.3.19 | 47 | 2500 | 914 | 1586 |
| | | | | | | | | 4860 |

- അധികം ചെലവായ തുക 4860/-രൂപ നിരാകരിക്കുന്നു

ട്രിപ്പ് ഷീറ്റുകളിൽ ടാക്സി നമ്പരുകളായി ഇരുചക്രവാഹനങ്ങളുടെ നമ്പരുകൾ ഉപയോഗിച്ചിരിക്കുന്നു.

കേരള മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം ഇരുചക്രവാഹനങ്ങളായിട്ടുള്ള വാഹനങ്ങളുടെ നമ്പരുകളാണ് ടാക്സിയായി ട്രിപ്പ് ഷീറ്റിൽ കാണിച്ചിട്ടുള്ളത്.

ഉദാ: തീയതി രേഖപ്പെടുത്താത്ത ട്രിപ്പ് ഷീറ്റിൽ KL01T 9667 എന്ന ഇരുചക്ര വാഹനം ഉപയോഗിച്ച് ഊർജ്ജിത നികുതികുടിശ്ശിക പിരിവ് പബ്ലിസിറ്റിക്കായി 2ദിവസത്തേക്കായി 6000/-രൂപ നൽകിയിരിക്കുന്നു. മേൽ അപാകതകൾക്കുള്ള എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ

| ക്രമ നം. | വൗച്ചർ നം.,മാസം, തുക | ചെക്ക്നം., തീയതി,തുക | വാഹനം | നല്കിയ തുക | ഉപയോഗിച്ച വ്യക്തി/ ആവശ്യം |
|---|---|---|---|---|---|
| 1 | 71, 3/19, 12000 | 389853, 8.3.19, 12000 | കെ.എൽ 21 എച്ച് 4726 | 4000 | യൂത്ത് കോർഡിനേറ്റർ |
| 2. | 289, 3/19, 6000 | 553957/ 30.3.19, 6000 | കെ. എൽ. 01 ടി.9667 | 6000 | ഊർജ്ജിത നികുതി കുടിശ്ശിക പബ്ളിസിറ്റി |
| 3 | 293, 3/19, 10000 | 2786058, 30.3.19, 10000 | കെ.എൽ 30 ഡി 7842 | 10000 | ജി.എൽ.പി എസ് ശങ്കരമംഗലത്തിൽ ജെ.സി.ബി ഉപയോഗിച്ച് കെട്ടിടാവശിഷ്ടം നീക്കം ചെയ്തതിന് |
| 4 | 713, 07/2018, 3000 | 784488, 17.07.2018, 3000 | കെ.എൽ 07 എ 4584 | 3000 | ആയുർവേദ മെഡിക്കൽ ക്യാമ്പ് മൈക്ക് പബ്ളിസിറ്റി |
| | | | | 23000 | |

- അധികം ചെലവായ തുക 23000/-രൂപ നിരാകരിക്കുന്നു

വിവിധയിനങ്ങളിലായി ആകെ അധികമായി ചെലവായ തുക (64678+4860+23000) 92538/-രൂപ നിരാകരിക്കുന്നു

## 3-5 വൗച്ചർ പരിശോധന-ഷോപ്പിങ്ങ് കോംപ്ലക്സ് ഉദ്ഘാടനം-ചെലവുതുക 55000/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| വൗച്ചർ നമ്പർ | 57/3-19 |
| ചെലവിനം | ഷോപ്പിങ്ങ് കോംപ്ലക്സ്, മാതൃക അങ്കണവാടി ഉദ്ഘാടനം |
| ചെലവ് തുക | 55000 |
| ചെക്ക് നമ്പർ | 34828/6.3.19 |
| ഫണ്ട് | തനത് ഫണ്ട് |

26.2.19 ലെ 1(5) ഭരണസമിതി തീരുമാനപ്രകാരം, 7 കോടി 55 ലക്ഷം രൂപ മുടക്കി നിർമ്മിക്കുന്ന ഷോപ്പിങ്ങ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടനം,വാളിയറ വാർഡിൽ നിർമ്മിക്കുന്ന മാതൃക അങ്കണവാടി കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നിവ 6.3.19 ന് 5 p.m ന് നടത്തുന്നതിനായി തനതു ഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിന് തീരുമാനിച്ചു. ഈ രണ്ടിനത്തിലായി 55000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരാമത്ത് ഫയൽ പരിശോധനയിൽ പ്രസ്തുത ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നതിനുള്ള ആദ്യ പ്രവൃത്തിയായ സ്ട്രക്ച്ചറൽ ഡിസൈന് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല എന്നു കാണുന്നു. സാങ്കേതികാനുമതി ലഭ്യമാകാത്തതും നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതുമായ ഷോപ്പിങ്ങ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തിയതിന്റെ സാഹചര്യം വിശദീകരിക്കുന്നതിനും പ്രസ്തുത ഉദ്ഘാടനം നടത്തിയതിന്റെ നോട്ടീസ്, സ്റ്റേജ് ശിലാഫലകം എന്നിവ തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക സംബന്ധിച്ച വിശദാശങ്ങൾ ഹാജരാക്കാത്ത സാഹചര്യത്തിൽ തുക 55000/- രൂപ നിരാകരിക്കുന്നു.

## 3-6 ചിറ വൃത്തിയാക്കൽ - അധികതുക ചെലവായി - 1067/- രൂപ നിരാകരിക്കുന്നു

19.02.2019 ലെ പഞ്ചായത്ത്കമ്മിറ്റി തീരുമാനം നമ്പർ 4(12) പ്രകാരം പിന്നാംകോണം ചിറ, പാഞ്ചിറക്കുളം, കുന്നത്തുകോണം ചിറ, നീരാഴിക്കുളം ചിറ, അടിയൻ ചിറ എന്നീ അഞ്ച് ചിറകൾ വൃത്തിയാക്കാൻ തീരുമാനിക്കുകയും ഓരോ ചിറയും വൃത്തിയാക്കുന്നതിന് 10000/- രൂപയിൽ കവിയാത്ത എസ്റ്റിമേറ്റ് തയ്യാറാക്കാൻ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതിൻപ്രകാരം ഓവർസീയറുടെ എസ്റ്റിമേറ്റ് 28.02.2019 ൽ മാത്രമാണ് ലഭ്യമായത്. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 26.02.2019 ലെ 6(5) നമ്പർ തീരുമാന പ്രകാരമാണ് ചിറ വൃത്തിയാക്കിയതിന്റെ ചെലവ് തുക കൊടുത്തിരിക്കുന്നത്. മേൽ പദ്ധതികൾക്കൊന്നും തന്നെ വാല്യുവേഷൻ എടുത്തിട്ടില്ല. 29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം. 11/2018/തസ്വഭവ യിലെ ഖണ്ഡിക 7.1. ബി.2. പ്രകാരം ജലസംരക്ഷണ പ്രവൃത്തികൾ നടപ്പാക്കാൻ തൊഴിലുറപ്പുപദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ചിറ വൃത്തിയാക്കാൻ എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ സേവനം പ്രയോജനപ്പെടുത്തിയില്ല. 2018- 19 ൽ 271/- രൂപയായിരുന്ന എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ പ്രതിദിന വേതനം. എന്നാൽ എം.ജി.എൻ.ആർ.ഇ.ജി. എസ് തൊഴിലാളികളുടെ സേവനം ഉപയോഗിക്കാതെ മറ്റ് തൊഴിലാളികളുടെ സേവനം ഉപയോഗിക്കുകയാണ് ചെയ്തത്. ഇതനുസരിച്ച് ആകെ വിനിയോഗിച്ച 54

തൊഴിലാളികളുടെ സേവനത്തിന് 28566/- രൂപ അധികം ചെലവായി. {(തൊഴിലാളികളുടെ വേതനത്തിനായി ചെലവായത് = 43200/- രൂപ) – (എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ സേവനം ഉപയോഗിച്ചിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക = 14634/- രൂപ) = 28566/- രൂപ}

ഓവർസീയറുടെ 28.02.2019 ലെ എസ്റ്റിമേറ്റ് പ്രകാരം പാഞ്ചിറക്കുളം വൃത്തിയാക്കുന്നതിന് 8532.88/- രൂപയാണ് പ്രതീക്ഷിത ചെലവ്. എന്നാൽ 26.02.2019 ലെ 6(5) നമ്പർ തീരുമാനം പ്രകാരം തൊഴിലാളികളുടെ പ്രതിനിധിയായി ശ്രീ. രാധാകൃഷ്ണൻ നായർക്ക് 9600/- രൂപ അനുവദിച്ചു ( വൗച്ചർ നം. 2180180, തീയതി 02.03.2019). എസ്റ്റിമേറ്റിൽ കവിഞ്ഞ് 1067/- രൂപ അനുവദിച്ചു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 21/10.2019 ന് എസ്റ്റിമേറ്റിൽ കവിഞ്ഞ തുക പ്രവൃത്തിക്ക് വേണ്ടിവന്നതിനാലാണ് കൂടുതൽ തുക കൊടുത്തത് എന്ന് മറുപടിയിൽ വ്യക്തമാക്കി. എന്നാൽ അധിക തുക ആവശ്യമായി വന്നു എന്ന് തെളിയിക്കുന്ന വാല്യുവേഷനോ മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി ചെലവാക്കിയ 1067/- രൂപ നിരാകരിക്കുന്നു.

# 3-7 ബിൽ തുകയുടെ കൃത്യത പരിശോധിച്ചില്ല-12116/- രൂപ നിരാകരിക്കുന്നു

ISO സർട്ടിഫിക്കേഷൻ- പഞ്ചായത്ത് ഓഫീസിന് അധിക സൗകര്യം ഒരുക്കൽ (SO169/19) എന്ന പ്രോജക്റ്റിലൂടെ KADCO യിൽ നിന്നും വാങ്ങിയ സാധന സാമഗ്രികളുടെ എസ്റ്റിമേറ്റും ബില്ലും തമ്മിൽ പൊരുത്തക്കേടുണ്ട്.

KADCO യിൽ നിന്നുള്ള KADCO/HO/SALES/208-19/92,KADCO/HO/SALES/2018-19/91 എന്നീ ബില്ലുകളും KADCO/HO/S&SS/61/18-19 എന്ന എസ്റ്റിമേറ്റും താരതമ്യം ചെയ്യുമ്പോൾ 12116/- രൂപയുടെ വ്യത്യാസമുണ്ട്. GST Amount കണക്കാക്കിയതിലെ പിഴവാണിത്.

എസ്റ്റിമേറ്റ് പ്രകാരം

| Taxable value | GST | Tax amount |
|---|---|---|
| 490260 | 18% | 88246.8 |
| 24984 | 28% | 6995.32 |
| 15000 | 12% | 1800 |
| 530244 | | 97042.32 |

ബിൽ പ്രകാരം

| Taxable value | GST | Tax amount |
|---|---|---|
| 369100 | 18% | 66438 |
| 146144 | 28% | 40920.32 |
| 15000 | 12% | 1800 |
| 530244 | | 109158.32 |

എസ്റ്റിമേറ്റിലെ ഇനവും എണ്ണവും യൂണിറ്റ് നിരക്കും വ്യത്യാസപ്പെടുത്താത്തതിനാൽ ബിൽ പരിശോധിക്കാതെ തുക നൽകിയതിലൂടെ 12116/- രൂപ അധികമായി നൽകിയിട്ടുണ്ട്.

ഈ വിവരം ഓഡിറ്റ് എൻക്വയറി (നമ്പർ 28/29.10.19) മുഖേന സെക്രട്ടറിയെ അറിയിച്ചിട്ടുള്ളതും വ്യത്യാസമുള്ള തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുള്ളതുമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.07.2019-20.07.2019 | കെ.എസ്.എ.റ്റി.വി.എം /ജി.പി 5/1392/ 19 21.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 456000 | സ്നേഹസ്പർശം | 456000 (*1) | 0 |
| | | 170000 | പാലിന് സബ്സിഡി (വനിത) | 170000 | 0 |
| | | 120000 | ക്ഷീരസമൃദ്ധി (ജനറൽ) | 120000 | 0 |
| | | 22500 | ജൈവസമൃദ്ധി | 22500 | 0 |
| | | 3039843 | ലൈഫ് (ജനറൽ) | 3039843 | 0 |
| | | 968588 | ലൈഫ് (എസ്.സി.പി) | 900000 | 68588 |
| | | 29323 | ലൈഫ് (റ്റി.എസ്.പി) | 29323 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | നീക്കിയിരിപ്പുണ്ടായിരുന്ന 20400/- രൂപ ജൈവസമൃദ്ധി സ്പിൽ ഓവർ പ്രോജക്ടിന് ചെലവഴിച്ചതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഇപ്രകാരമൊരു ചെലവ് തൻവർഷം നടത്തിയിട്ടില്ല | | | |
| | 2018-19 | 441750 | സ്നേഹസ്പർശം | 441750 (*2) | 0 |
| | | 600000 | പാലിന് സബ്സിഡി (വനിത) | 600000 | 0 |
| | | 300000 | ക്ഷീരസമൃദ്ധി(ജനറൽ) | 300000 | 0 |
| | | 1725396 | ലൈഫ് (ജനറൽ) | 1725396 | 0 |
| | | 699348 | ലൈഫ് (എസ്.സി.പി) | 699348 | 0 |

*1 ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 441750/-രൂപയാണ്.

*2 ചെലവ് പത്രിക പ്രകാരമുള്ള ചെലവ് 45600/-രൂപയാണ്

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു. AFS പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം തൻവർഷം നൽകിയ 2798605/- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് 610301/- രൂപയ്ക്കാണ് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുവാനുള്ളത് 10852570/- രൂപയാണ്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | - | 2754973 | - | 7315163 |
| KWA | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 3068084 | 0 | 3068084 |
| KSEB 2017-18 ൽ U/Cലഭിക്കാത്ത പ്രവൃത്തികൾക്ക് (4095716/-)തൻവർഷവും ആയതു ലഭിച്ചിട്ടില്ല. | | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 49786232/-രൂപ വരവുണ്ട്. മുൻബാക്കി 2920800/-- രൂപയടക്കം52707032 /-രൂപയിൽ 1460400/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് | സ.ഉ (സാ.ധ) 275/10/ തസ്വഭവ 27.10.2010 | 14604000/- | 2920800 | 1460400 | | 1460400 |
| KURDFC | | 49789232 | 0 | 0 | | 49786232 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2012-13 | 3-3 | 1089 | ശ്രീമതി.റീന | 118010103474/ 13.12.2018 |
| | | 1089 | ശ്രീ.കൊങ്ങണം ശ്രീകുമാർ | 118010103505/ 15.12.2018 |
| | | 1089 | ശ്രീ.എം.ശശിധരൻ നായർ | 118010103615/ 21.12.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 64 | 2002-03 | VII 1.13(1) | സമഗ്രപുരയിടം കൃഷി-സർക്കാർ പണം അനധികൃതമായി കൈയ്യിൽ വച്ചു. | റവന്യൂ റിക്കവറി നടപടികൾക്കായി ജില്ലാ കളക്ടർക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

# 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 173072902 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 161754996 |
| വരവിനങ്ങളിലുള്ള നഷ്ടം | 232500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 848462 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2768560 |

**<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 232500 | | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി |
| 3-1 | | 331513 | ശ്രീമതി.എം.നൂർജഹാൻ സെക്രട്ടറി,<br>ഭരണസമിതി അംഗങ്ങൾ |
| 3-2 | | 314895 | ശ്രീമതി എം.നൂർജഹാൻ, സെക്രട്ടറി, ശ്രീ.ഷൈൻ.പി.ആർ, അസി.എഞ്ചിനീയർ, ഭരണസമിതി അംഗങ്ങൾ |
| 3-3 | | 41333 | ഡോ.കുമാരി.വി.എസ്.അജി മെഡിക്കൽ ഓഫീസർ |
| 3-4 | | 92538 | ശ്രീമതി.എം.നൂർജഹാൻ സെക്രട്ടറി |
| 3-5 | | 55000 | ശ്രീമതി.എം.നൂർജഹാൻ സെക്രട്ടറി |
| 3-6 | | 1067 | ശ്രീമതി.എം.നൂർജഹാൻ സെക്രട്ടറി |
| 3-7 | | 12116 | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 40000 | ഡോ.കുമാരി.വി.എസ്.അജി, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-24 | 2011579 | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി |
| 1-25 | 48300 | ഡോ.ചാന്ദിനി.കെ.ജെ, വെറ്റിനറി സർജൻ |
| 1-26 | 150000 | ശ്രീ.ജയകുമാർ, ഹെഡ്മാസ്റ്റർ |
| 1-34 | 442944 | ഡോ.ജയകുമാർ.ബി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-35 | 75737 | ഡോ.കുമാരി.വി.എസ്.അജി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീമതി.എം.നൂർജഹാൻ, സെക്രട്ടറി | | ശ്രീമതി.എം.നൂർജഹാൻ<br>ശിഖ മൻസിൽ നല്ലിക്കുഴി, പരുത്തിക്കുഴി.പി.ഒ. നെടുമങ്ങാട് |

| | | | |
|---|---|---|---|
| 2. | ശ്രീ.ഷൈൻ.പി.ആർ, അസി.എഞ്ചിനീയർ | | ശ്രീ.ഷൈൻ.പി.ആർ ഷൈൻ ഹൗസ് മാർത്തോമാ ചർച്ചിന് സമീപം മരിയാപുരം |
| 3. | ഡോ.കുമാരി.വി.എസ്.അജി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | | ഡോ.കുമാരി.വി.എസ്.അജി സുധാമന്ദിരം ചെന്തുപൂർ, വേങ്കോട് പി,ഒ തിരുവനന്തപുരം |
| 4. | ഡോ.ചാന്ദിനി.കെ.ജെ, വെറ്റിനറി സർജൻ | | കാരംവളപ്പിൽ, ചിത്രനഗർ, വട്ടിയൂർക്കാവ് |
| 5. | ശ്രീ.ജയകുമാർ, ഹെഡ്മാസ്റ്റർ | | ജയജം, വേങ്കവിള, ഇരിഞ്ചയം |
| 6 | ഡോ.ജയകുമാർ.ബി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | | T.C17/1412(1), ഗോകുലം, കൈലാസ് ലെയിൻ, ചെങ്കള്ളൂർ, പൂജപ്പുര |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 4 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 2 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 7 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 9 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 19 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 15 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 6 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 2 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 8 | |
| 2010-11, 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 25 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 തീയതി 14.06.2018 | 6 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18 | 9 | |

| | | | |
|---|---|---|---|
| | തീയതി 14.06.2018 | | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/935/18<br>തീയതി 14.06.2018 | 7 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/1553/17<br>തീയതി 29.08.2017 | 11 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/1846/17<br>തീയതി 31.01.2018 | 21 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 5/301/19<br>തീയതി 31.01.2018 | 23 | |

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# <u>അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ വെള്ളനാട് ഗ്രാമ പഞ്ചായത്തിന്റെ 2018-19 -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം -3 2018 ഏപ്രിൽ മാസം നടത്തിയ സർവ്വേ പ്രകാരമുള്ള ഗുണഭോക്താക്കൾ

| അങ്കണവാടി നം. | അങ്കണ വാടിയുടെ പേര് | 6 മാസം മുതൽ 3വർഷം വരെ പ്രായമുള്ളവർ | 3 വയസ്സ മുതൽ 6 വയസ്സവരെ പ്രായമുള്ളവർ | കൗമാര ക്കാരായ പെൺ കുട്ടികൾ | മുലയൂട്ടുന്ന അമ്മമാർ | ഗർഭി ണികൾ |
|---|---|---|---|---|---|---|
| 1 | കൊങ്കണം | 17 | 34 | 52 | 2 | 5 |
| 2 | പുതുക്കുളങ്ങര | 27 | 24 | 56 | 4 | 6 |
| 3 | വില്ലിപ്പാറ | 22 | 27 | 36 | 4 | 12 |
| 4 | മുണ്ടേല | 35 | 24 | 117 | 9 | 4 |
| 5 | കിടങ്ങുമ്മൽ | 40 | 32 | 41 | 5 | 6 |
| 6 | ചിറ്റിക്കോണം | 25 | 34 | 71 | 6 | 10 |
| 7 | ചാങ്ങ | 17 | 28 | 56 | 4 | 5 |
| 8 | ത്തുറ്റമൺ | 24 | 39 | 63 | 3 | 8 |
| 9 | മണ്ണാംകോണം | 24 | 19 | 54 | 3 | 3 |
| 10 | അരുവിക്കാമൂഴി | 20 | 19 | 45 | 4 | 7 |
| 11 | പാളയം | 31 | 34 | 79 | 6 | 11 |
| 12 | പുനലാൽ | 19 | 35 | 62 | 5 | 6 |
| 13 | ചക്കിപ്പാറ | 23 | 24 | 57 | 5 | 1 |
| 14 | പൂതൻകോട് | 38 | 40 | 64 | 6 | 10 |

| | | | | | | |
|---|---|---|---|---|---|---|
| 15 | കുട്ടായണിമൂട് | 16 | 20 | 49 | 6 | 5 |
| 16 | കടുക്കാമൂട് | 37 | 45 | 84 | 2 | 6 |
| 17 | കണ്ണമ്പള്ളി | 30 | 36 | 56 | 8 | 8 |
| 18 | കുതിരകുളം | 40 | 41 | 69 | 10 | 11 |
| 19 | മേപ്പാട്ടുമല | 15 | 24 | 64 | 3 | 4 |
| 20 | മഴവൻകോട് | 32 | 38 | 63 | 2 | 11 |
| 21 | കുറ്ററ | 51 | 47 | 159 | 6 | 4 |
| 22 | ശങ്കരമുഖം | 34 | 24 | 67 | 7 | 9 |
| 23 | കുളക്കോട് | 9 | 15 | 46 | 2 | 5 |
| 24 | പഴയവീട്ടുമൂഴി | 22 | 45 | 9 | 5 | |
| 25 | തുലായിൽ | 19 | 24 | 51 | 5 | 3 |
| 26 | ചെറുകുളം | 21 | 41 | 86 | 6 | 11 |
| 27 | മിത്രാനികേതൻ | 24 | 31 | 61 | 6 | 4 |
| 28 | കാരിക്കോണം | 26 | 31 | 37 | 2 | 9 |
| | | **734** | **852** | **1790** | **140** | **189** |

**6 മാസം മുതൽ 3 വർഷം വരെ പ്രായമുള്ളവർ**

| അങ്കണവാടി നം. | അങ്കണവാടിയുടെ പേര് | 6 മാസം മുതൽ 3 വർഷം വരെ പ്രായമുള്ളവർ<br>(സർവ്വേ പ്രകാരം) | 6 മാസം മുതൽ<br>3 വർഷം വരെ പ്രായമുള്ളവർ<br>(ഹാജർ പ്രകാരമുള്ള യഥാർത്ഥ ഗുണ ഭോക്താക്കൾ) | അങ്കണ വാടിയിലെ മുഴുവൻ കുട്ടികൾക്കായി 1 മാസം ആവശ്യ മായത്<br>(1 കുട്ടിക്ക് 3.375 കി.ഗ്രാം വീതം | അങ്കണ വാടിയിലെ മുഴുവൻ കുട്ടികൾ ക്കായി<br>1 മാസം കൊടുത്തത്<br>(കിലോ ഗ്രാമിൽ) |
|---|---|---|---|---|---|
| 1 | കൊങ്കണം | 17 | 17 | 57.375 | 20.250 |
| 2 | പുതുക്കുളങ്ങര | 27 | 17 | 57.375 | 20.250 |
| 3 | വില്ലിപ്പാറ | 22 | 12 | 40.500 | 20.250 |
| 4 | മുണ്ടേല | 35 | 25 | 84.375 | 20.250 |
| 5 | കിടങ്ങുമ്മൽ | 40 | 24 | 81.00 | 20.250 |
| 6 | ചിറ്റിക്കോണം | 25 | 15 | 50.625 | 20.250 |
| 7 | ചാങ്ങ | 17 | 17 | 57.375 | 20.250 |
| 8 | തുറ്റുമൺ | 24 | 24 | 81.000 | 20.250 |
| 9 | മണ്ണാംകോണം | 24 | 24 | 81.000 | 20.250 |
| 10 | അരുവിക്കാമൂഴി | 20 | 20 | 67.500 | 20.250 |
| 11 | പാളയം | 31 | 19 | 64.125 | 20.250 |
| 12 | പുനലാൽ | 19 | 19 | 64.125 | 20.250 |
| 13 | ചക്കിപ്പാറ | 23 | 23 | 77.625 | 20.250 |
| 14 | പൂതൻകോട് | 38 | 32 | 108.000 | 20.250 |
| 15 | കുട്ടായണിമൂട് | 16 | 16 | 54.000 | 20.250 |
| 16 | കടുക്കാമൂട് | 37 | 27 | 91.125 | 20.250 |
| 17 | കണ്ണമ്പള്ളി | 30 | 30 | 101.250 | 20.250 |
| 18 | കുതിരകുളം | 40 | 32 | 108.000 | 20.250 |
| 19 | മേപ്പാട്ടുമല | 15 | 15 | 50.625 | 20.250 |
| 20 | മഴവൻകോട് | 32 | 32 | 108.000 | 20.250 |
| 21 | കുറ്ററ | 51 | 27 | 91.125 | 20.250 |
| 22 | ശങ്കരമുഖം | 34 | 28 | 94.500 | 20.250 |

| | | | | | |
|---|---|---|---|---|---|
| 23 | കുളക്കോട് | 9 | 12 | 40.500 | 20.250 |
| 24 | പഴയവീട്ടുമൂഴി | 22 | 18 | 60.750 | 20.250 |
| 25 | തുലായിൽ | 19 | 19 | 64.125 | 20.250 |
| 26 | ചെറുകുളം | 21 | 21 | 70.875 | 20.250 |
| 27 | മിത്രാനികേതൻ | 24 | 18 | 60.750 | 20.250 |
| 28 | കാരിക്കോണം | 26 | 23 | 77.625 | 20.250 |
| | | **734** | **606** | **2045.250** | **567** |

അധികമായി ആവശ്യമായത് = 2045.250 -567 = 1478.250 കിലോഗ്രാം

**<u>മുലയൂട്ടുന്ന അമ്മമാർ</u>**

| അങ്കണവാടി നം. | അങ്കണ വാടിയുടെ പേര് | മുലയൂട്ടുന്ന അമ്മമാർ (സർവ്വേ പ്രകാരം) | ആനുകൂല്യം നല്കപ്പെട്ടവർ | ഗോതമ്പ് ( 1 മാസത്തേക്ക് 3.250 കി ഗ്രാം വീതം) | | എണ്ണ (1 മാസ ത്തേക്ക് 0.250 കി ഗ്രാം വീതം) | | പയറു വർഗ്ഗം ( 1 മാസത്തേക്ക് 0.250 കി ഗ്രാം വീതം) | |
|---|---|---|---|---|---|---|---|---|---|
| | | | | സർവ്വേ പ്രകാരം ആവശ്യ മായത് | യഥാർത്ഥ ത്തിൽ കൊടു ത്തത് | സർവ്വേ പ്രകാരം ആവശ്യ മായത് | യഥാർത്ഥ ത്തിൽ കൊടു ത്തത് | സർവ്വേ പ്രകാരം ആവശ്യ മായത് | യഥാർത്ഥ ത്തിൽ കൊടു ത്തത് |
| 1 | കൊങ്കണം | 2 | 1 | 6.500 | 3.250 | 0.500 | 0.250 | 0.500 | 0 |
| 2 | പുതുക്കുളങ്ങര | 4 | 2 | 13.000 | 6.500 | 1.000 | 0.500 | 1.000 | 0 |
| 3 | വില്ലിപ്പാറ | 4 | 0 | 13.000 | 0 | 1.000 | 0 | 1.000 | 0 |
| 4 | മുണ്ടേല | 9 | 1 | 39.250 | 3.250 | 2.250 | 0.250 | 2.250 | 0 |
| 5 | കിടങ്ങുമ്മൽ | 5 | 0 | 16.250 | 0 | 1.250 | 0 | 1.250 | 0 |
| 6 | ചിറ്റിക്കോണം | 6 | 0 | 19.250 | 0 | 1.500 | 0 | 1.500 | 0 |
| 7 | ചാങ്ങ | 4 | 2 | 13.000 | 6.500 | 1.500 | 0.500 | 1.500 | 0 |
| 8 | തുറ്റമൺ | 3 | 0 | 9.750 | 0 | 1.250 | 0 | 1.250 | 0 |
| 9 | മണ്ണാംകോണം | 3 | 2 | 9.750 | 6.500 | 1.250 | 0.500 | 1.250 | 0 |
| 10 | അരുവിക്കാമൂഴി | 4 | 2 | 13.000 | 6.500 | 1.500 | 0.500 | 1.500 | 0 |
| 11 | പാളയം | 6 | 0 | 19.250 | 0 | 1.500 | 0 | 1.500 | 0 |
| 12 | പുനലാൽ | 5 | 2 | 16.250 | 6.500 | 1.250 | 0.500 | 1.250 | 0 |
| 13 | ചക്കിപ്പാറ | 5 | 1 | 16.250 | 3.250 | 1.250 | 0.250 | 1.250 | 0 |
| 14 | പൂതൻകോട് | 6 | 2 | 19.750 | 6.500 | 1.500 | 0.500 | 1.500 | 0 |
| 15 | കുട്ടായണിമൂട് | 6 | 0 | 19.750 | 0 | 1.500 | 0 | 1.500 | 0 |
| 16 | കടുക്കാമൂട് | 2 | 2 | 6.500 | 6.500 | 0.500 | 0.500 | 0.500 | 0 |
| 17 | കണ്ണമ്പള്ളി | 8 | 1 | 13.000 | 3.250 | 2.000 | 0.250 | 2.000 | 0 |
| 18 | കുതിരകുളം | 10 | 1 | 32.500 | 3.250 | 2.500 | 0.250 | 2.500 | 0 |
| 19 | മേപ്പാട്ടുമല | 3 | 0 | 0 | 0 | 0.750 | 0 | 0.750 | 0 |
| 20 | മഴവൻകോട് | 2 | 1 | 3.250 | 3.250 | 0.500 | 0.250 | 0.500 | 0 |
| 21 | കുറ്റ | 6 | 2 | 6.500 | 6.500 | 1.500 | 0.500 | 1.500 | 0 |
| 22 | ശങ്കരമുഖം | 7 | 0 | 0 | 0 | 1.750 | 0 | 1.750 | 0 |
| 23 | കുളക്കോട് | 2 | 0 | 0 | 0 | 0.500 | 0 | 0.500 | 0 |
| 24 | പഴയവീട്ടുമൂഴി | 9 | 1 | 3.250 | 3.250 | 2.250 | 0.250 | 2.250 | 0 |
| 25 | തുലായിൽ | 5 | 2 | 6.500 | 6.500 | 1.250 | 0.500 | 1.250 | 0 |
| 26 | ചെറുകുളം | 6 | 0 | 0 | 0 | 1.500 | 0 | 1.500 | 0 |
| 27 | മിത്രാനികേതൻ | 6 | 2 | 6.500 | 6.500 | 1.500 | 0.500 | 1.500 | 0 |
| 28 | കാരിക്കോണം | 2 | 0 | 0 | 0 | 0.500 | 0 | 0.500 | 0 |
| | | **140** | **50** | **322.000** | **87.750** | **37.000** | **6.750** | **37.000** | **0** |

**<u>ഗർഭിണികൾ</u>**

| അങ്കണവാടി നം. | അങ്കണ വാടിയുടെ പേര് | ഗർഭി ണികൾ (സർവ്വേ പ്രകാരം) | ആനുകൂല്യം നല്കപ്പെട്ടവർ | ഗോതമ്പ് ( 1 മാസത്തേക്ക് 3.250കി ഗ്രാം വീതം) | | എണ്ണ (1 മാസത്തേക്ക് 0.250 കി ഗ്രാം വീതം) | | പയറു വർഗ്ഗം ( 1 മാസത്തേക്ക് 0.250 കി ഗ്രാം വീതം) | |
|---|---|---|---|---|---|---|---|---|---|
| | | | | സർവ്വേ പ്രകാരം ആവശ്യ മായത് | യഥാർത്ഥ ത്തിൽ കൊടു ത്തത് | സർവ്വേ പ്രകാരം ആവശ്യ മായത് | യഥാർത്ഥ ത്തിൽ കൊടു ത്തത് | സർവ്വേ പ്രകാരം ആവശ്യ മായത് | യഥാർത്ഥ ത്തിൽ കൊടു ത്തത് |
| 1 | കൊങ്കണം | 5 | 2 | 16.250 | 6.500 | 1.250 | 0.500 | 1.250 | 0 |
| 2 | പുതുക്കുളങ്ങര | 6 | 2 | 19.500 | 6.500 | 1.500 | 0.500 | 1.500 | 0 |
| 3 | വില്ലിപ്പാറ | 12 | 2 | 39.000 | 6.500 | 3.000 | 0.500 | 3.000 | 0 |
| 4 | മുണ്ടേല | 4 | 2 | 13.000 | 6.500 | 1.000 | 0.500 | 1.000 | 0 |
| 5 | കിടങ്ങുമ്മൽ | 6 | 2 | 19.500 | 6.500 | 1.500 | 0.500 | 1.500 | 0 |
| 6 | ചിറ്റിക്കോണം | 10 | 3 | 32.500 | 9.750 | 2.500 | 0.750 | 2.500 | 0 |
| 7 | ചാങ്ങ | 5 | 3 | 16.250 | 9.750 | 1.250 | 0.750 | 1.250 | 0 |
| 8 | തുറുമൺ | 8 | 4 | 26.000 | 13.000 | 2.000 | 1.000 | 2.000 | 0 |
| 9 | മണ്ണാംകോണം | 3 | 2 | 9.750 | 6.500 | .750 | 0.500 | .750 | 0 |
| 10 | അരുവിക്കാമൂഴി | 7 | 3 | 22.750 | 9.750 | 1.750 | 0.750 | 1.750 | 0 |
| 11 | പാളയം | 11 | 3 | 35.750 | 9.750 | 2.250 | 0.750 | 2.250 | 0 |
| 12 | പുനലാൽ | 6 | 3 | 19.500 | 9.750 | 1.500 | 0.750 | 1.500 | 0 |
| 13 | ചക്കിപ്പാറ | 1 | 1 | 3.250 | 3.250 | 0.250 | 0.250 | 0.250 | 0 |
| 14 | പൂതൻകോട് | 10 | 2 | 32.500 | 6.500 | 2.500 | 0.500 | 2.500 | 0 |
| 15 | കുട്ടായണിമൂട് | 5 | 2 | 16.250 | 6.500 | 1.250 | 0.500 | 1.250 | 0 |
| 16 | കടുക്കാമൂട് | 6 | 2 | 19.500 | 6.500 | 1.500 | 0.500 | 1.500 | 0 |
| 17 | കണ്ണമ്പള്ളി | 8 | 3 | 26.000 | 9.750 | 2.000 | 0.750 | 2.000 | 0 |
| 18 | കുതിരകുളം | 11 | 2 | 35.750 | 6.500 | 2.750 | 0.500 | 2.750 | 0 |
| 19 | മേപ്പാട്ടുമല | 4 | 2 | 13.000 | 6.500 | 1.000 | 0.500 | 1.000 | 0 |
| 20 | മഴവൻകോട് | 11 | 2 | 35.750 | 6.500 | 2.750 | 0.500 | 2.750 | 0 |
| 21 | കുറ്റിറ | 4 | 2 | 13.000 | 6.500 | 1.000 | 0.500 | 1.000 | 0 |
| 22 | ശങ്കരമുഖം | 9 | 2 | 29.250 | 6.500 | 2.250 | 0.500 | 2.250 | 0 |
| 23 | കുളക്കോട് | 5 | 2 | 16.250 | 6.500 | 1.250 | 0.500 | 1.250 | 0 |
| 24 | പഴയവീട്ടുമൂഴി | 5 | 3 | 16.250 | 9.750 | 1.250 | 0.750 | 1.250 | 0 |
| 25 | തുലായിൽ | 3 | 2 | 29.250 | 6.500 | 0.750 | 0.500 | 0.750 | 0 |
| 26 | ചെറുകുളം | 11 | 2 | 35.750 | 6.500 | 2.750 | 0.500 | 2.750 | 0 |
| 27 | മിത്രാനികേതൻ | 4 | 2 | 13.000 | 6.500 | 1.000 | 0.500 | 1.000 | 0 |
| 28 | കാരിക്കോണം | 9 | 2 | 29.250 | 6.500 | 2.250 | 0.500 | 2.250 | 0 |
| | | **189** | **64** | **633.750** | **208.000** | **46.750** | **16.000** | **46.750** | **0** |

(ഒപ്പ്)

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**